# മഹാത്മാഗാന്ധി സർവ്വകലാശാല

2024 നവംബർ 02 -ന്  രാവിലെ 10 മണിക്ക് ഹൈബ്രിഡ് മോഡിൽ കൂടിയ സെനറ്റ് യോഗത്തിന്റെ

## നടപടിക്കുറിപ്പുകൾ

സ്ഥലം: സെനറ്റ് ഹാൾ, ഭരണവിഭാഗം, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, അതിരമ്പുഴ, കോട്ടയം_686 560.

**പങ്കെടുത്തവർ**

1. പ്രൊഫ.(ഡോ.) സി.റ്റി അരവിന്ദകുമാർ, വൈസ് ചാൻസലർ (അദ്ധ്യക്ഷൻ)
2. അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം
3. ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗം
4. ശ്രീ. അമൽ എബ്രഹാം, സിൻഡിക്കേറ്റ് അംഗം
5. ശ്രീ. ഹരികൃഷ്ണൻ പി, സിൻഡിക്കേറ്റ് അംഗം
6. അഡ്വ. പി.ബി സതീഷ് കുമാർ, സിൻഡിക്കേറ്റ് അംഗം
7. ഡോ. സെനോ ജോസ്, സിൻഡിക്കേറ്റ് അംഗം
8. ശ്രീ. അരുൺ കെ ശശീന്ദ്രൻ, സിൻഡിക്കേറ്റ് അംഗം
9. ഡോ.സുജ റ്റി. വി, സിൻഡിക്കേറ്റ് അംഗം
10. ഡോ. ബൈജു കെ. ആർ, സിൻഡിക്കേറ്റ് അംഗം
11. ഡോ. എ. എസ് സുമേഷ്, സിൻഡിക്കേറ്റ് അംഗം
12. ഡോ.ബാബു മൈക്കിൾ, സിൻഡിക്കേറ്റ് അംഗം
13. ഡോ.ജോജി അലക്സ്, സിൻഡിക്കേറ്റ് അംഗം
14. ശ്രീ. രതീഷ് പി.ബി, സിൻഡിക്കേറ്റ് അംഗം
15. പ്രൊഫ. (ഡോ.) ബീന മാത്യൂ, സിൻഡിക്കേറ്റ് അംഗം
16. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ
17. ഡോ.രഞ്ജിത്ത് മോഹൻ പി., അസിസ്റ്റൻറ് പ്രൊഫസർ , ഡിപ്പാർട്ട്മെൻറ് ഓഫ് കൊമേഴ്സ്, ഗവ. കോളേജ്, കോട്ടയം
18. പ്രൊഫ.(ഡോ.) അജിമോൻ ജോർജ്, പ്രിൻസിപ്പൽ, മരിയൻ കോളേജ്, കുട്ടിക്കാനം
19. ശ്രീമതി. മായ എൻ, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെൻ്റ് ഓഫ് ഫിസിക്സ്, എൻ.എസ്.എസ്. ഹിന്ദു കോളേജ് ,ചങ്ങനാശ്ശേരി
20. ഡോ. സനിൽ കുമാർ എം.ജി, അസിസ്റ്റൻറ് പ്രൊഫസർ,ഡിപ്പാർട്ട്മെൻ്റ് ഓഫ് ബോട്ടണി, എസ്.എൻ.എം, കോളേജ്, മാല്യങ്കര
21. ഡോ.ഷിബു എം.ജോർജ്, അസിസ്റ്റൻറ് പ്രൊഫസർ,ഡിപ്പാർട്ട്മെൻറ് ഓഫ് പൊളിറ്റിക്സ്, ബസേലിയസ് കോളേജ്, കോട്ടയം
22. ശ്രീ. സുബിൻ വർഗ്ഗീസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് ഇംഗ്ലീഷ് , ദേവമാതാ കോളേജ് , കുറവിലങ്ങാട്
23. ഡോ. ലിബിൻ കുര്യാക്കോസ്, അസിസ്റ്റൻറ് പ്രൊഫസർ,ഡിപ്പർട്ട്മെൻറ് ഓഫ് ഫിസിക്സ്, സെൻറ് തോമസ് കോളേജ്, പാലാ
24. ഡോ. ലിബൂസ് ജേക്കബ് എബ്രഹാം ,അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് മലയാളം, സെൻറ് തോമസ് കോളേജ്, കോഴഞ്ചേരി
25. ശ്രീ. റ്റിറ്റു തോമസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് ഫിസിക്സ്, നിർമ്മല കോളേജ്, മൂവാറ്റുപുഴ

26. ശ്രീ. ഉണ്ണി എം.എസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മാത്തമാറ്റിക്സ് ദേവസ്വം ബോർഡ് പമ്പ കോളേജ് , പരുമല
27. ശ്രീ. സാബു മുകുന്ദൻ, ജൂനിയർ സൂപ്പറിൻഡന്റ്, മഹാരാജാസ് കോളേജ്, എറണാകുളം
28. ശ്രീ. സജി തോമസ്, ലാബ് അസിസ്റ്റൻറ്, മാർ തോമ കോളേജ്, തിരുവല്ല
29. ഗോപിക സുരേഷ്, ഗവ. ലോ കോളേജ് എറണാകുളം
30. സേതു പാർവതി കെ. എസ് , ഗവ. ലോ കോളേജ് , എറണാകുളം
31. അപർണ പി., സെൻറ് തോമസ് കോളേജ്, കോഴഞ്ചേരി
32. ശ്രീ. മുഹമ്മദ് സഫ്വാൻ, സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
33. വൈഷ്ണവി ഷാജി, സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
34. ശ്രീ. സിബിൻ എൽദോസ്, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്മെൻറ് സ്റ്റഡീസ്
35. ഡോ. മഞ്ജുഷ കെ.എ, അസിസ്റ്റൻറ് പ്രൊഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്മെൻറ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
36. ഡോ. നൗഷാദ് പി.പി., അസ്സോസിയേറ്റ് പ്രൊഫസർ , സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ്മെൻറ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
37. ശ്രീ. സുരേഷ് എം.എസ്, സെക്ഷൻ ഓഫീസർ , മഹാത്മാഗാന്ധി സർവ്വകലാശാല
38. ഡോ. ബിജ്ജു എം.കെ, അസിസ്റ്റൻറ് പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മന്റ് & ബിസിനസ്സ് സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല
39. ഡോ. സിമി സെബാസ്റ്റ്യൻ, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്, ഗവ. കോളേജ്, കട്ടപ്പന
40. ഡോ. ജോബിൻ മാത്യൂ, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് സുവോളജി, സി.എം.എസ് കോളേജ് കോട്ടയം
41. ശ്രീ. എ. ജെ തോമസ്, ഹെഡ് അക്കൌണ്ടന്റ്, സി.എം.എസ്. കോളേജ്, കോട്ടയം
42. ശ്രീ. മുഹമ്മദ് റസ്സൽ, സി.എസ്.ഐ കോളേജ് ഫോർ ലീഗൽ സ്റ്റഡീസ്, കാണക്കാരി
43. ശ്രീ. അഖിൽ ബാബു, ഗവ. കോളേജ് കട്ടപ്പന
44. ശ്രീ. അരുൺ കുമാർ എസ്, ഗവ. കോളേജ് കട്ടപ്പന
45. ശ്രീ. ഗൗതം എം. എസ്, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ
46. ശ്രീ. സജു മാത്യൂ, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് മലയാളം, യൂണിയൻ ക്രിസ്റ്റ്യൻ കോളേജ്, ആലുവ
47. ഡോ. അനിത സി. കുമാർ, പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല
48. ശ്രീ. സജിത്ത് ബാബു എസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് ഫിസിക്സ്, കാത്തോലിക്കേറ്റ് കോളേജ്, പത്തനംതിട്ട
49. അഡ്വ. ജോൺസൺ വിളവിനാൽ , പ്രസിഡൻറ്, ഓമല്ലൂർ പാഞ്ചായത്ത്
50. ശ്രീ. കെ.എം.മൂസ, മാനേജർ, അൽ അസ്സർ കോളേജ്, തൊടുപുഴ

**ഓൺലൈനായി പങ്കെടുത്തവർ**

51. ശ്രീ. തോമസ് ആൻറണി, അസിസ്റ്റൻറ് പ്രൊഫസർ , ഡിപ്പാർട്ട്മെൻറ് ഓഫ് ബോട്ടണി ,മഹാരാജാസ് കോളേജ്, എറണാകുളം
52. ഡോ. ഷിജോ കെ ചെറിയാൻ, അസിസ്റ്റൻറ് പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് കെമിസ്ട്രി, എസ്. ബി. കോളേജ്, ചങ്ങനാശ്ശേരി
53. ശ്രീ. ജോസഫ് ഡെറിൽ കെ.എസ്, അസ്സോസിയേറ്റ് പ്രൊഫസർ, ഡിപാർട്ട്മെൻറ് ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷസ്, എം.ഇ.എസ് കോളേജ് ,മാറമ്പള്ളി
54. ഡോ. സിറിയക് ജോസ്, അസിസ്റ്റൻറ് പ്രൊഫസർ, ഡിപാർട്ട്മെൻറ് ഓഫ് ആർക്കിയോളജി, സെൻ്റ് തോമസ് കോളേജ്, പാലാ
55. പ്രൊഫ.(ഡോ.) ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ, പ്രിൻസിപ്പൽ, കെ.ഇ. കോളേജ്, മാന്നാനം
56. ഡോ. ജിഷ എം. എസ്, സ്കൂൾ ഓഫ് ബയോസയൻസ്, മഹാത്മാഗാന്ധി സർവ്വകലാശാല
57. പ്രൊഫ. (ഡോ.) വി. ദിനേശൻ, സ്കൂൾ ഓഫ് സോഷ്യൽ സയൻസ്, മഹാത്മാഗാന്ധി സർവ്വകലാശാല
58. ഡോ. ജിജി പി. വി, സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട്, മഹാത്മാഗാന്ധി സർവ്വകലാശാല
59. ഡോ. വിനോദ് കുമാർ എസ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ്, മഹാത്മാഗാന്ധി സർവ്വകലാശാല
60. ഡോ . എ. യു അരുൺ, അസ്സോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട് മെൻ്റ് ഓഫ് സുവോളജി, സെൻ്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

കൂടാതെ, രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ – ഉം ഹാജരായിരുന്നു.

രാവിലെ 10.00 മണിക്ക് വൈസ് ചാൻസലർ പ്രൊഫ. (ഡോ) സി.റ്റി അരവിന്ദകുമാർ -ൻെറ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. എല്ലാ അംഗങ്ങളെയും അദ്ധ്യക്ഷൻ സെനറ്റ് യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും അംഗങ്ങൾ സ്വയം പരിചയപ്പെടുത്തുകയും ചെയ്തു.

തുടർന്ന്, അനുശോചനപ്രമേയം അവതരിപ്പിക്കുന്നതിനായി അദ്ധ്യക്ഷൻ രജിസ്ട്രാറെ ക്ഷണിച്ചു.

**അനുശോചന പ്രമേയം**

കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രകൃതി ദിരന്തങ്ങളിലൊന്നായ വയനാട് ജില്ലയിലെ ഉരുൾപൊട്ടലിൽ മരണമടഞ്ഞവരുടെ വിയോഗത്തിൽ മഹാത്മാഗാന്ധി സർവകലാശാലാ സെനറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു. കുവൈറ്റിലെ പാർപ്പിട

സമുച്ചയത്തിലുായ തീപിടിത്തത്തിൽ ജീവഹാനി സംഭവിച്ച പ്രവാസി സഹോദരങ്ങളുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഈ യോഗം പങ്കുചേരുന്നു.

മുൻ കേന്ദ്ര വിദേശകാര്യ മന്ത്രി നട്‌വർ സിംഗ്, പ്രമുഖ വ്യവസായിയും ടാറ്റാ ഗ്രൂപ്പ് മുൻ ചെയർമാനുമായ രത്തൻ ടാറ്റ, പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രി ബുദ്ധദേബ് ഭട്ടാചാര്യ, കരസേനാ മുൻ മേധാവി സുന്ദരരാജൻ പത്മനാഭൻ. കേരളത്തിൻ്റെ മുൻ തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി കുട്ടി അഹമ്മദ് കുട്ടി, സി.പി.ഐ(എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, മുതിർന്ന സി.പി.ഐ(എം) നേതാവ് എം.എം. ലോറൻസ്, പ്രമുഖ വ്യവസായിയും ബി.പി.എൽ സ്ഥാപക ഉടമയുമായ ടി.പി.ജി നമ്പ്യാർ, നിയമജ്ഞനും ഭരണഘടന വിദഗ്ധനുമായ എം.ജി നൂറാനി, കൃഷി ശാസ്ത്രജ്ഞയായ ഡോ. രോഹിണി അയ്യർ, കേരള ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റീസ് യു.എൽ. ഭട്ട്, സാമ്പത്തിക ശാസ്ത്രജ്ഞനും അധ്യാപകനുമായ പ്രഫ. സി.ടി കുര്യൻ, വിഖ്യാത ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ.എം.എസ്. വല്യത്താൻ, യാക്കോബായ സഭാധ്യക്ഷൻ ബസേലിയോസ് തോമസ് പ്രഥമൻ കത്തോലിക്ക ബാവ, ആത്മീയ പ്രബോധകൻ സാധു ഇട്ടിയവിര, പ്രശസ്ത നർത്തകി യാമിനി കൃഷ്ണമൂർത്തി, പ്രശസ്ത കർണാടക സംഗീതജ്ഞൻ കെ.ജി. ജയൻ, മേളാചാര്യൻ കേളത്ത് അരവിന്ദാക്ഷ മാരാർ, മാപ്പിള കലാ അക്കാദമി ചെയർമാൻ പി.എച്ച്. അബ്ദുള്ള, ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ മാർ അത്തനേഷ്യസ് യൊഹാൻ മെത്രാപ്പോലീത്ത, കവിയും ഗ്രന്ഥകാരനും രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകനുമായ കൈനകരി സുരേന്ദ്രൻ, കോട്ടയം ഡിസിസി ജനറൽ സെക്രട്ടറി ജോബോയ് ജോർജ്, ചലച്ചിത്ര നടൻമാരായ ടിപി. മാധവൻ, നിർമൽ ബെന്നി, നടിമാരായ കവിയൂർ പൊന്നമ്മ, കനകലത, സംവിധായകരായ സംഗീത് ശിവൻ, ഹരികുമാർ, എം. മോഹൻ, വേണുഗോപൻ, ഉണ്ണി ആറന്മുള, സിനിമാ നിർമാതാവും വിതരണക്കാരനും ചലച്ചിത്ര അക്കാദമി മുൻ വൈസ് ചെയർമാനുമായ ഗാന്ധിമതി ബാലൻ, ഹൈദരാബാദിലെ രാമോജി റാവു ഫിലിം സിറ്റി സ്ഥാപകനും സിനിമാ നിർമാതാവുമായ രാമോജിറാവു. സിനിമാ നിർമാതാവും സംവിധായകനുമായ അരോമ മണി, ചലച്ചിത്ര പ്രവർത്തകൻ ചെലവൂർ വേണു ചലച്ചിത്ര- നാടക ഗാനരചയിതാവ് ജി.കെ. പള്ളത്ത്, മുതിർന്ന മാധ്യമ പ്രവർത്തകൻ ബി.ആർ.പി ഭാസ്കർ, മലയാള മനോരമ ദിനപ്പത്രത്തിന്റെ മുൻ അസിസ്റ്റൻ്റ് എഡിറ്റർ ഡബ്ല്യൂ.സി.കെ റോയ്, മാധ്യമ പ്രവർത്തക പി.എസ്. രശ്മി, മാതൃഭൂമി ന്യൂസ് ക്യാമറമാൻ എ.വി. മുകേഷ്, പത്രപ്രവർത്തകനും സിനിമ, സീരിയൽ, നാടക നടനുമായിരുന്ന ജി. വേണുഗോപാൽ, ചരിത്ര പണ്ഡിതൻ പി. തങ്കപ്പൻ നായർ, കേരള ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ പി. രവി അച്ചൻ, മുൻ ഇന്ത്യൻ ഫുട്ബോൾ താരവും പരിശീലകനുമായ ടി.കെ. ചാത്തുണ്ണി, സാമൂഹികപ്രവർത്തകൻ കനവ് ബേബി, എഴുത്തുകാരിയും അധ്യാപികയുമായ പ്രൊഫ. ബി. സുലോചന നായർ, നാടകകൃത്ത് കെ.സി. ജോർജ്, ഗായിക മച്ചാട്ട് വാസന്തി, എഴുത്തുകാരനും സാഹിത്യ നിരൂപകനുമായിരുന്ന ബാലചന്ദ്രൻ വടക്കേടത്ത്, കൂത്തുപറമ്പ് സമരനായകൻ പുഷ്പൻ, സിപിഎം നേതാവ് കെ.ജെ. ജേക്കബ് കൂടാതെ സർവകലാശാല ജീവനക്കാരനും ഇ. ജെ 1 സെക്ഷനിലെ ക്ലറിക്കൽ അസ്സിസ്റ്റന്റമായിരുന്ന ആൽബർട്ട് സണ്ണി എന്നിവരുടെ നിര്യാണത്തിലും മഹാത്മാഗാന്ധി സർവകലാശാലാ സെനറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

ശേഷം അദ്ധ്യക്ഷൻ അനുമോദന പ്രമേയം അവതരിപ്പിച്ചു.

## അനുമോദന പ്രമേയം

ബ്രിട്ടനിലെ ടൈംസ് ഹയർ എഡ്യൂക്കേഷന്റെ 2025 വർഷത്തേക്കുള്ള വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ മഹാത്മാഗാന്ധി സർവകലാശാല 401 മുതൽ 500 വരെയുള്ള റാങ്ക് വിഭാഗത്തിലേക്ക് മുന്നേറുകയുണ്ടായി 2024 -ലെ റാങ്കിംഗിൽ 501 - 600 വിഭാഗത്തിലായിരുന്ന അധ്യാപനം, ഗവേഷണാന്തരീക്ഷം, രാജ്യാന്തര വീക്ഷണം, വ്യവസായ മേഖലയുമായുള്ള സഹകരണം തുടങ്ങി 18 സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ള ടൈംസ് റാങ്കിംഗിൽ മികവ് പുലർത്താനായതിന്റെ ആഹ്ലാദത്തിൽ സർവകലാശാലാ സെനറ്റ് യോഗവും പങ്കുചേരുന്നു. ഈ നേട്ടത്തിൽ ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഡോ സി.ടി. അരവിന്ദകുമാറിനെയും സർവകലാശാലാ സമൂഹത്തെയും അഭിനന്ദിക്കുന്നു.

ടൈംസ് ഹയർ എഡ്യൂക്കേഷന്റെ 2024-ലെ ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗിൽ രാജ്യത്ത് മൂന്നാം സ്ഥാനവും ഏഷ്യൻ സർവകലാശാലകളുടെ പട്ടികയിൽ 134 -ാം സ്ഥാനവും ടൈംസ് യംഗ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ 81-ാം സ്ഥാനവും നേടാൻ നമ്മുടെ സർവകലാശാലയ്ക്ക് സാധിച്ചു.

സംസ്ഥാന സർക്കാരിന്റെ തീരുമാനമനുസരിച്ച് മഹാത്മാഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ ജൂലൈ ഒന്നിന് ആരംഭിക്കുകയുണ്ടായി. അതോടൊപ്പം സർവകലാശാലയിലെ ഗ്രാജ്യുവേറ്റ് സ്കൂളിനു കീഴിൽ ഫോർ പ്ലസ് വൺ പ്രോഗ്രാമുകൾക്കും അന്നേ ദിവസം തുടക്കമായി.

ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, വകുപ്പ് മേധാവികൾ, കോളജ് പ്രിൻസിപ്പൽമാർ എന്നിവരെയും പ്രോഗ്രാമുകളുടെ വിജയകരമായ നടത്തിപ്പിൽ പങ്കാളികളാകുന്ന അധ്യാപകരെയും അനധ്യാപകരെയും വിദ്യാർഥികളെയും ഈ യോഗം അഭിനന്ദിക്കുന്നു.

ഈ വർഷം അവസാന സെമസ്റ്റർ ബിരുദ പരീക്ഷ പൂർത്തിയായി പത്താം ദിവസം ഫലം പ്രസിദ്ധീകരിക്കാൻ സർവകലാശാലയ്ക്ക് സാധിച്ചു. ഈ നേട്ടത്തിൽ പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുണ്ടായിരുന്ന സിൻഡിക്കേറ്റ് പരീക്ഷാ സബ് കമ്മിറ്റി കൺവീനർ ഡോ. എസ്. ഷാജില ബീവി, പരീക്ഷാ കൺട്രോളർ ഡോ.സി.എം. ശ്രീജിത്ത്, ജീവനക്കാർ എന്നിവരെ അനുമോദിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ നാലാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലാ സ്റ്റേഡിയത്തിൽ നിർമിച്ച ഫിഫ നിലവാരത്തിലുള്ള നാച്ചറൽ ടർഫ് ഫ്ളഡ്‌ലിറ്റ് ഫുട്ബോൾ കോർട്ടിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കുകയുണ്ടായി. കായിക മേഖലയിൽ

സർവകലാശാലയുടെ വളർച്ചയ്ക്ക് കരുത്തേകുന്ന ഈ കോർട്ട് സജ്ജീകരിക്കുന്നതിന് മുൻകൈ എടുത്ത ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിനും സർവകലാശാലാ സിൻഡിക്കേറ്റിനും സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻറ് സ്പോർട്സ് സയൻസസിനും അഭിനന്ദനങ്ങൾ.

പതിനൊന്നു വിദേശ രാജ്യങ്ങളിൽനിന്നുള്ള 13 വിദ്യാർഥികൾ ഈ വർഷം മഹാത്മാഗാന്ധി സർവകലാശാലയിൽ വിജയകരമായി പഠനം പൂർത്തീകരിച്ചു. ഈ വിദ്യാർഥികളെയും ഇവരുടെ പഠനത്തിനുവേണ്ട ക്രമീകരണങ്ങൾ ഉറപ്പാക്കിയ ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഡോ.സി.ടി. അരവിന്ദകുമാറിനെയും യൂണിവേഴ്സിറ്റി സെൻറർ ഫോർ ഇൻ്ററർനാഷണൽ കോ-ഓപ്പറേഷൻ ഡയറക്ടർ ഡോ. സജിമോൻ ഏബ്രഹാമിനെയും അഭിനന്ദിക്കുന്നു.

അന്താരാഷ്ട്ര വിഷയങ്ങൾ, ഇന്ത്യയുടെ വിദേശകാര്യ നയം എന്നിവയുമായി ബന്ധപ്പെട്ട പഠനങ്ങളിൽ സഹകരിക്കുന്നതിന് ന്യൂഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സും(ഐ.സി.ഡബ്ല്യൂ.എ) മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ ധാരണയായി. സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻററർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിലെ ബിരുദ, ബിരുദാനന്തര, പിഎച്ച്ഡി പ്രോഗ്രാമുകൾക്ക് ഏറെ ഗുണകരമാകുന്ന ഈ സഹകരണത്തിന് മുൻകൈ എടുത്ത വകുപ്പിന് അനുമോദനങ്ങൾ.

പാലിന്റെ മൂല്യവർധിത ഉത്പന്നങ്ങളിൽ അധിഷ്ഠിതമായ സംരംഭകത്വ വികസനത്തിന് മഹാത്മാഗാന്ധി സർവകലാശാലയും പഞ്ചാബിലെ ഗുരു അംഗദ്ദേവ് വെറ്ററിനറി ആൻ്റ് ആനിമൽ സയൻസ് സർവകലാശാലയും (ജിഎഡിവിഎഎസ്യു) തമ്മിൽ ധാരണയായി. ഇതിനുള്ള നടപടികൾ ഏകോപിപ്പിച്ച ബിസിനസ് ഇന്നേവേഷൻ ആന്റ് ഇൻകുബേഷൻ സെൻ്ററിനെ സർവകലാശാലാ സെനറ്റ് യോഗം അഭിനന്ദിക്കുന്നു

ധ്രുവ മേഖലകളിൽ പഠന, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും രാജ്യാന്തര കൂട്ടായ്മയായ യൂണിവേഴ്സിറ്റി ഓഫ് ദ ആർട്ടിക്കിൽ(യുആർട്ടിക്) മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് അംഗത്വം ലഭിച്ചത് ശ്രദ്ധേയമായ നേട്ടമാണ്. നോർവെയിലെ ബോഡോയിൽ നടന്ന വാർഷിക സമ്മേളനമാണ് സർവകലാശാലയിലെ ഇന്റർനാഷണൽ സെന്റർ ഫോർ പോളാർ സ്റ്റഡീസിന്(ഐസിപിഎസ്) അംഗത്വം നൽകാൻ തീരുമാനിച്ചത്.

ധ്രുവ മേഖല കേന്ദ്രീകരിച്ച് ഐസിപിഎസ് നടത്തിവരുന്ന പ്രവർത്തനങ്ങളിൽ രാജ്യാന്തര സഹകരണം വിപുലീകരിക്കാൻ ഈ യുആർട്ടിക് അംഗത്വം പ്രയോജനപ്പെടുമെന്ന് സമ്മേളനത്തിൽ പങ്കെടുത്ത വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ വിലയിരുത്തുന്നു. അദ്ദേഹത്തെയും ഐസിപിഎസ് ടീം അംഗങ്ങളെയും സെനറ്റ് യോഗം അഭിനന്ദിക്കുന്നു.

സ്പെയിനിൽ ലോക സർവകലാശാലാ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിനുള്ള ഇന്ത്യൻ പുരുഷ, വനിതാ ടീമുകളെ തിരഞ്ഞെടുക്കാനുള്ള അവസരം മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് ലഭിക്കുകയുണ്ടായി. അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ചുമതലപ്പെടുത്തിയതിനെ തുടർന്നാണ് 14 പേർ വീതമുള്ള ടീമുകളെ തിരഞ്ഞെടുത്തത്. ഈ

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുയും ചാമ്പ്യൻഷിപ്പിനുള്ള ഇന്ത്യൻ സംഘത്തെ നയിക്കുകയും ചെയ്ത സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻറ് സ്പോർട്സ് ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസിനെയും സഹപ്രവർത്തകരെയും സെനറ്റിൻറെ അഭിനന്ദനം അറിയിക്കുന്നു.

ഭക്ഷ്യോത്പന്നങ്ങൾ കേട്ടു കൂടാതെ സൂക്ഷിക്കുന്നതിന് ഉപകരിക്കുന്ന ജൈവ ആന്റി ഓക്സിഡൻറ് വികസിപ്പിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല ഇന്നവേഷൻ ഫൗണ്ടേഷനും കാംലിൻ ഫൈൻ സയൻസസ് ലിമിറ്റഡും തമ്മിൽ ധാരണാ പത്രം ഒപ്പുവയ്ക്കുയുണ്ടായി. നിലവിൽ സർവകലാശാലയിലെ ഇന്നവേഷൻ ഫൗണ്ടേഷനിൽ നടന്നുവരുന്ന പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കുശേഷം വാണിജ്യോത്പാദനത്തിന് തുടക്കമിടാനാണ് ഉദ്ദേശിക്കുന്നത്. എം.ജി.യു.ഐ.എഫ് ഡയറക്ർ ഡോ. റോബിനെറ്റ് ജേക്കബിനും സഹപ്രവർത്തകർക്കും അഭിനന്ദനങ്ങൾ

തുർക്കിയിലെ അങ്കാറ -യിൽ ദിരിം ബെയസിത് സർവകലാശാലയും മഹാത്മാഗാന്ധി സർവകലാശാലയും തമ്മിൽ വവിധ മേഖലകളിൽ സഹകരിക്കുന്നതിന് ധാരണയായിട്ടുണ്ട്. ബെയസിത് സർവകലാശാലയിൽ സന്ദർശനം നടത്തിയ വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ നടത്തിയ ചർച്ചകളിലാണ് ധാരണാപത്രം ഒപ്പുവയ്ക്കാൻ തീരുമാനമായത് സ്റ്റുഡന്റ്- ഫാക്കൽറ്റി എക്സ്ചേഞ്ച്, സംയുക്ത ഗവേഷണ പ്രോജക്ടുകൾ തുടങ്ങിയ മേഖലകളിൽ സഹകരണത്തിന് വഴിതുറന്ന ബഹു വൈസ് ചാൻസലറെ ഈ യോഗം അനുമോദിക്കുന്നു.

മെറ്റീരിയൽ സയൻസ്, മാനുഫാക്ചറിംഗ് എൻജിനീറയിംഗ് മേഖലകളിൽ നൽകിയ സംഭാവനകൾ മാനിച്ച് പോളണ്ട് ആസ്ഥാനമായുള്ള വേൾഡ് അക്കാദമി ഓഫ് മെറ്റീരിയൽ ആന്റ് മാനുഫാക്ചറിംഗ് എൻജിനീയറിംഗിന്റെ പ്രഫസർ ഫെഡ്രിക് സ്റ്റൗബ് ഗോൾഡൻ ഔൾ പുരസ്കാരത്തിന് സർവകലാശാലാ മുൻ വൈസ് ചാൻസലറും സ്കൂൾ ഓഫ് നാനോസയൻസ് ആൻറ് നാനോ ടെക്നോളജി ഡയറക്ടറുമായ പ്രൊഫ. സാബു തോമസ് തിരഞ്ഞെടുക്കപ്പെട്ടുകയുണ്ടായി. പ്രമുഖ രാജ്യാന്തര ശാസ്ത്ര ഗവേഷണ പോർട്ടലായ റിസർച്ച് ഡോട് കോമിൻറെ മൂന്നാമത് റാങ്കിംഗിൽ ഇന്ത്യയിലെ മെറ്റീരിയൽ സയൻസ് ശാസ്ത്രജ്ഞരുടെ പട്ടികയിൽ രണ്ടാം സ്ഥാനം നിലനിർത്തിയ ഇദ്ദേഹം പ്ലാസ്റ്റിക് വ്യവസായ മേഖലയ്ക്ക് നിർണായക സംഭാവനകൾ നൽകിയ വ്യക്തികൾക്കുള്ള മോഡേൺ പ്ലാസ്റ്റിക്സ് പുരസ്കാരത്തിനും അർഹനായി. ഇൻസുലേഷൻ ആവശ്യത്തിനായി ഉപയോഗിക്കുന്ന പോളിമെർ സംയുക്തങ്ങളുടെ വൈദ്യുതി പ്രസരണ പ്രതിരോധ ശേഷി വർധിപ്പിക്കുന്ന കണ്ടെത്തലിന് പ്രൊഫ. സാബു തോമസിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘത്തിന് ഇന്ത്യൻ പേറ്റൻറ് ലഭിക്കുകയും ചെയ്തു. തിളക്കമാർന്ന ഈ നേട്ടങ്ങളിൽ പ്രൊഫ. സാബു തോമസിനെയും സഹപ്രവർത്തകരെയും സർവകലാശാലാ സെനറ്റ് അഭിനന്ദിക്കുന്നു.

ഇന്ത്യയുടെ ആദ്യ വിന്റർ ആർട്ടിക് പര്യവേഷണത്തിൻറെ നാലാമത്തെ സംഘത്തിൻറെ ഭാഗമായി പഠന പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ച് തിരികെയെത്തിയ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ ഡീനും സർവകലാശാലാ സിൻഡിക്കേറ്റ് അംഗവുമായ ഡോ. കെ.ആർ. ബൈജുവിന് ഈ യോഗത്തിന്റെ അഭിനന്ദനങ്ങൾ.

സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻററിന്റെ(ബിഐഐസി) പിന്തുണയോടെ പ്രവർത്തിക്കുന്ന അഗ്രോടീൻ ലാബ് ഗവേഷണ

ആവശ്യങ്ങൾക്കായി താപനില ക്രമീകരിച്ച് സസ്യങ്ങൾ വളർത്തുന്നതിന് അനുയോജ്യമായ ചേംബറുകൾ വളരെ കുറഞ്ഞ ചെലവിൽ വിജയകരമായി വികസിപ്പിച്ചെടുത്തു. കാർഷിക ഗവേഷണത്തിനുള്ള ചിലവ് ഗണ്യമായി കുറക്കാൻ ഉപകരിക്കുന്ന ഈ കണ്ടുപിടിത്തം നടത്തിയ ആഗ്രോടീൻ ലാബിൻ്റെ സാരഥികളെയും ബിസിനസ് ഇന്നവേഷൻ ആൻ്റ് ഇൻകുബേഷൻ സെൻ്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണനെയും സഹപ്രവർത്തകരെയും സർവകലാശാലാ സെനറ്റ് യോഗം അനുമോദിക്കുന്നു.

ഊർജ്ജ മേഖലയിലെ ഗവേഷണത്തിന് വിദേശ സർവകലാശാലകളുടെ ഫെലോഷിപ്പ് ലഭിച്ച സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എം.ടെക് വിദ്യാർഥികളായ ഡി.കെ. അഭിജിത്ത്, എസ് കിരൺ, കൊൽക്കത്തയിലെ ഇന്ത്യൻ ഫോട്ടോബയോളജി സൊസൈറ്റിയുടെ യംഗ് സയൻ്റിസ്റ്റ് അവാർഡ് നേടിയ സ്കൂൾ ഓഫ് പ്യുവർ ആൻറ് അപ്ലൈഡ് ഫിസിക്സിലെ റിസർച്ച് സ്കോളർ എൽ. വിദ്യ , കേരള ഗവൺമെൻ്റ് --ൻ്റ ഈ വർഷത്തെ കൈരളി അവാർഡ് നേടിയ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് കെമിക്കൽ സയൻസിലെ അസോസിയേറ്റ് പ്രൊഫസറും മുൻ ഐ ആർ ബി എസ് -ൻ്റെ ഡയറക്ടറുമായ ഡോ. അനസ്സ് എന്നിവർക്കും സെനറ്റിൻ്റെ അഭിനന്ദനം അർപ്പിക്കുന്നു.

.

ശേഷം അജണ്ട പ്രകാരമുള്ള ഇനങ്ങളിലേക്ക് കടക്കുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു..

# I. <u>ചോദ്യവും ഉത്തരവും:</u>

**<u>ഡോ. ലിബൂസ് ജേക്കബ് എബ്രഹാം</u>**

**ചോദ്യം:**

1) പരീക്ഷ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനു വേണ്ടി സർവ്വകലാശാല ഇത് വരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്? ഈ ഓർഡിനൻസ് എന്ന് മുതൽ പ്രാബല്യത്തിൽ വരും?

**<u>ഉത്തരം: ഡോ. ജോജി അലക്സ്</u>**

പരീക്ഷ മാന്വൽ കാലാനുസൃതമായി പരിഷ്കരിച്ച് നിയമ പ്രാബല്യത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതിനായി ലെജിസ്ലേഷൻ സെക്ഷനെ നോഡൽ സെക്ഷനായി നിയോഗിച്ചുകൊണ്ടും, ഉപദേശകസമിതി രൂപീകരിച്ചുകൊണ്ടും 18/01/2021 തീയതിയിലെ 425/ADA1/2021/ എം.ജി.യു നമ്പർ ഉത്തരവ് പ്രകാരം സർവ്വകലാശാല നടപടിയെടുത്തിട്ടുള്ളതാണ്. തുടർന്ന് 14/12/2023 തീയതിയിലെ ഉത്തരവ് നമ്പർ 12542/AD A1/2023/എം ജി യു, 22/08/2024 തീയതിയിലെ ഉത്തരവ് നമ്പർ 7666/AD A1/2024/എം ജി യു, എന്നീ ഉത്തരവുകളിലൂടെ ടി ഉപദേശക സമിതി പുനഃക്രമീകരിക്കുകയും ചെയ്തിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല പരീക്ഷാമാന്വൽ പുതുക്കി പരീക്ഷാ ഓർഡിനൻസ് ആയി പുറപ്പെടുവിക്കുവാൻ ബഹു:വൈസ് ചാൻസിലർ ഉത്തരവിടുകയും ആയതിന്റെ രൂപീകരണത്തിനായി ഉപദേശകസമിതി പലതവണയായി യോഗം ചേരുകയും ചെയ്തിരുന്നു. പ്രസ്തുത ഉപദേശകസമിതിയുടെ നേതൃത്വത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല പരീക്ഷാ ഓർഡിനൻസ് രൂപീകരിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**ഡോ. സനിൽകുമാർ എം ജി**

**ചോദ്യം:**

2) സർവ്വകലാശാല ക്യാമ്പസ്സിൽ അനധികൃതമായി നിർമ്മിതി കേന്ദ്രം സ്ഥാപിച്ചിട്ടുള്ള ഓഫീസ് ഒഴിപ്പിക്കുവാൻ കൈക്കൊണ്ട നടപടികൾ വിവരിക്കാമോ ?

**ഉത്തരം: ഡോ. സെനോ ജോസ്**

സർവ്വകലാശാലാ ക്യാമ്പസ്സിൽ School of Habitat Technology യുടെ ഒരു പഠനകേന്ദ്രം ആരംഭിക്കുന്നതിലേക്കായി 5 ഏക്കർ സ്ഥലം അനുവദിക്കണം എന്നാവശ്യപെട്ടുകൊണ്ട് 16.07.1994 ൽ കേരളം സംസ്ഥാന നിർമ്മിതി കേന്ദ്രം (KESNIK) അപേക്ഷ സമർപ്പിച്ചിരുന്നു. മേൽ അപേക്ഷ പരിഗണിച്ചു കൊണ്ട് 28.03.1995 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം NSS ഓഫീസിനും Department of Adult Education നും ഇടയിൽ ഉള്ള 5 ഏക്കർ സ്ഥലം അനുവദിക്കുവാൻ തീരുമാനിക്കുകയും സ .ഉ .Ad BIII/1/65/95 dtd 26.04.95 പ്രകാരം ഉത്തരവാകുകയും ചെയ്തു. നിർമ്മിതി കേന്ദ്രത്തിന് സ്ഥലം അനുവദിച്ചെങ്കിലും ടി സ്ഥാപനവുമായി കരാർ ഉണ്ടായിരുന്നില്ല.

നിർമ്മിതി കേന്ദ്രം പ്രസ്‌ തുത പഠനകേന്ദ്രം ആരംഭിക്കുന്നതിന് പകരം മേൽ സ്ഥലത്ത് സർവ്വകലാശാലയുടെ അനുമതി കൂടാതെ താത്‌കാലിക ഷെഡുകൾ നിർമ്മിക്കുകയും ചിലവ് കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമഗ്രികളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. നിർമ്മിതി കേന്ദ്രത്തിനു സ്ഥലം കൈമാറി 11 വർഷമായിട്ടും നിർദിഷ്ട സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാത്തതിനാലും, വ്യവസ്ഥകൾ പാലിക്കാത്തതിനാലും, സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം ആവശ്യമുള്ളതിനാലും 08.08.2006,18.08.2006 (6.10th) എന്നീ തീയതികളിൽ കൂടിയ സിൻഡിക്കേറ്റ് യോഗം ITEM 42/6.07/3666 പ്രകാരം നിർമ്മിതി കേന്ദ്രത്തിന് 5 ഏക്കർ സ്ഥലം അനുവദിച്ചിട്ടുള്ള തീരുമാനം റദ്ദാക്കാനും, സ്ഥലം തിരികെ എടുക്കുവാനും തീരുമാനിക്കുകയും ആയതിന് പ്രകാരം Ad BIII(I)/65/94 dtd 25.10.2006 പ്രകാരം സ്ഥലം ഒഴിഞ്ഞു നൽകുവാനുള്ള കത്ത് നൽകുകയും ചെയ്തു. മേൽ വിഷയവുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രം, സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ വകുപ്പ് സെക്രട്ടറിയെ

സമീപിക്കുകയും Tech/11/408/06/KESNIK dtd 12.04.07 കത്ത് പ്രകാരം മേൽ കേന്ദ്രം 1995 മുതൽ സർവ്വകലാശാലാ ക്യാമ്പസ്സിൽ പ്രവൃത്തിക്കുകയാന്നെന്നും ,അവിടെ 15 ജീവനക്കാർ ഉണ്ടെന്നും, മേൽ കേന്ദ്രത്തിന്റെ പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം കൊണ്ടാണ് കേന്ദ്രം പ്രവർത്തിക്കുന്നതെന്നും ആയതിനാൽ കേന്ദ്രം അവിടെ തന്നെ നിലനിർത്തുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചു. മേൽ കത്ത് പരിഗണിച്ചുകൊണ്ട് സംസ്ഥാന ഭവന നിർമാണ കേന്ദ്രം സർവകലാശാലയോട് നിർമ്മിതി കേന്ദ്രം സർവകലാശാലയിൽ നിലനിർത്തുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു. മേൽ വിഷയം സിൻഡിക്കേറ്റ് മുമ്പാകെ അവതരിപ്പിക്കുകയും, 21.08.2007 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം ITEM 16/6.20/4553 പ്രകാരം സിൻഡിക്കേറ്റ് ടി അഭ്യർത്ഥന നിരസിക്കുകയും ഒഴിപ്പിക്കൽ നടപടികളുമായി മുമ്പോട്ട് പോവുകയും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചു നീക്കുവാൻ തീരുമാനിക്കുകയും ചെയ്തു. മേൽ വിഷയത്തിൽ അഡിഷണൽ ചീഫ് സെക്രട്ടറി വിശദീകരണം ആവശ്യപ്പെടുകയും 5 ഏക്കർ സ്ഥലം നിർമ്മിതി കേന്ദ്രത്തിനായി നിലനിർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. മേൽ വിശദീകരണത്തിന് മറുപടിയായി Ad BIII(1) 94/N.K./07 തിയതി 14/08/2007 ലെ മറുപടി പ്രകാരം ഒഴിപ്പിക്കൽ നടപടി സിൻഡിക്കേറ്റ് തീരുമാനമാകയാൽ സർവ്വകലാശാല ഒഴിപ്പിക്കൽ നടപടികളുമായി മുന്നോട്ട് പോവുകയാന്നെന്ന് അറിയിക്കുകയും ചെയ്തു. എങ്കിലും ഭവന വകുപ്പ് ഗവൺമെൻറ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ഒഴിപ്പിക്കൽ നടപടികൾ നിർത്തിവെക്കുകയും ചെയ്തു.

26.08.2020 -ലെ കത്ത് നമ്പർ 35642/P&D 1-2/2020/REG പ്രകാരം സർവ്വകലാശാലാ ക്യാമ്പസ്സിനുള്ളിലെ നിർമ്മിതി കേന്ദ്രയുടെ ഓഫീസ് ഒഴിയുവാൻ നിർദ്ദേശം നൽകികൊണ്ട് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം റീജിയണൽ ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു .

27.01.2021 ൽ 46576/ AD B3 -3/ 2020/ AD B3 നമ്പർ കത്ത് പ്രകാരം സർവ്വകലാശാലയിൽ ആരംഭിക്കുന്ന പുതിയ പഠന വകുപ്പുകൾക്കായി സ്ഥലം കണ്ടെത്തേണ്ടതിനാലും സ്ഥലപരിമിതി മൂലം പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ സർവ്വകലാശാലയ്ക്ക് നടത്തുവാൻ സാധിക്കാത്ത അവസ്ഥയായതിനാലും, നിർമ്മിതി കേന്ദ്രത്തിന്റെ സർവ്വകലാശാലയിലെ എല്ലാ പ്രൊജക്ടുകളും പൂർത്തിയായ സാഹചര്യത്തിൽ 26.02.2021 ന് മുമ്പ് ടി കെട്ടിടം ഒഴിഞ്ഞു നൽകേണ്ടതാണ് എന്ന് അറിയിച്ചിരുന്നു .

മേൽ കത്തിന് KESNIK ൽ നിന്നും ലഭിച്ച മറുപടി കത്ത് നം എ ഡി 7/ 3302/ 2020/ കെ എസ് എൻ കെ തീയതി 12/02/2021 പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് രണ്ടു നിലകളിലായി 2400 ചതുരശ്ര അടി വിസ്തീർണത്തിലാണ് ടി ഓഫീസ് കെട്ടിടം നിർമ്മിച്ചതെന്നും ,48 ലക്ഷത്തോളം വില മതിക്കുന്ന ടി കെട്ടിടം 2000 മുതൽ റീജിയണൽ സെന്ററായി പ്രവൃത്തിക്കുകയാണെന്നും ആയതിനാൽ 48 ലക്ഷം രൂപ നൽകി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ റീജിയണൽ സെന്ററായ ടി കെട്ടിടം സർവ്വകലാശാലയ്ക്ക് ഏറ്റെടുക്കാവുന്നതാണ് എന്നും അറിയിച്ചിരുന്നു .

02.04.2022 ലെ ബഹു: വൈസ് ചാൻസലറുടെ ഉത്തരവ് നം VC 702/01/034/2022 പ്രകാരം സർവ്വകലാശാലയുടെ ക്യാമ്പസ്സിലുള്ള നിർമ്മിതികേന്ദ്രയുടെ അനധികൃത കെട്ടിട നിർമ്മാണവും പ്രവൃത്തികളും സംബന്ധിച്ച് അന്വേഷണം നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹു: വൈസ് ചാൻസലർ ഉത്തരവായിരുന്നു. മേൽ ഉത്തരവ് പ്രകാരമുള്ള അന്വേഷണത്തിൽ ടി കേന്ദ്രത്തിൽ നിലവിൽ വിദ്യാർത്ഥികൾക്കുള്ള 45 ദിവസത്തെ ആർട്ടിസാൻ ട്രെയിനിങ് കോഴ്സുകൾ നടന്നുകൊണ്ടിരിക്കുകയാണെന്നും, സർക്കാരിന്റെ പ്ലാൻ സ്കീം പ്രകാരം സ്റ്റൈപ്പന്റോട് കൂടിയാണ് ടി ട്രെയിനിങ് നടത്തുന്നതെന്നും, Plumbing and Electrification, Auto CAD തുടങ്ങിയ കോഴ്സുകളിലായി യഥാക്രമം 15 ഉം, 10 ഉം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും, നിലവിലെ കോഴ്സുകൾ ആരംഭിച്ചിട്ട് 4 ദിവസമേ ആയിട്ടുള്ളു എന്നും ടി കേന്ദ്രത്തിന്റെ ചാർജ് ഉള്ള റീജിയണൽ എഞ്ചിനീയർ വിശദീകരിക്കുകയുണ്ടായി .

ഇതിനിടെയിൽ മേൽ കെട്ടിടത്തിൽ കുട്ടികൾക്കായുള്ള 45 ദിവസത്തെ ട്രെയിനിങ് നടക്കുന്നതിനാൽ സർവ്വകലാശാലയുടെ വാട്ടർ ലൈനിൽ നിന്നും കണക്ഷൻ ആവശ്യപെട്ടുകൊണ്ട് നിർമ്മിതി കേന്ദ്രം റീജിയണൽ എഞ്ചിനീയർ അപേക്ഷിച്ചിരുന്നു . മേൽ അപേക്ഷ പരിഗണിച്ച് കൊണ്ട് ബഹു: വൈസ് ചാൻസലർ മേൽ അപേക്ഷ പരിഗണിക്കേണ്ടതില്ല എന്നും സർവ്വകലാശാലയുടെ ആവശ്യങ്ങൾക്ക് തന്നെ കാമ്പസിനുള്ളിൽ സ്ഥലം തികയാത്ത സാഹചര്യത്തിൽ സ്ഥലം തിരികെ എടുക്കേണ്ടത് ആവശ്യമാണ് എന്നും, ഈ കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാകയാൽ മേൽ വിഷയം വിശദംശങ്ങൾ സഹിതം സിൻഡിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിക്കാവുന്നതാണെന്ന് എന്ന് ബഹു: വൈസ് ചാൻസിലർ ഉത്തരവായിരുന്നു .

08.04.2022 - ൽ സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നമ്പർ ഓ എ 24/22.03/177637/AD B3-3/2021/ADB3 പ്രകാരം സർവകലാശാല സ്റ്റാൻഡിങ് കൗൺസിലിന്റെ നിയമോപദേശം കണക്കിലെടുത്തു ക്യാമ്പസ്സിലുള്ള കേരളസംസ്ഥാന നിർമ്മിതി കേന്ദ്രം ഓഫീസ് ഓരാഴ്ചക്കകം ഒഴിയുന്നതിന് നോട്ടീസ് നൽകുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു. ഇതേ തുടർന്ന് കത്ത് നം.177637/ADB3-3/2021/ADB3 തീയതി 11.05.2022 പ്രകാരം ടി ഓഫീസ് ഒരാഴ്ചക്കകം ഒഴിയുന്നതിനു KESNIK ഡയറക്ടർക്കു കത്തുനല്കിയെങ്കിലും തുടർനടപടികൾ ഒന്നും ഉണ്ടായില്ല

അനധികൃതമായി നിർമ്മിച്ചിരിക്കുന്ന നിർമ്മിതി കേന്ദ്രത്തിന്റെ ഓഫീസ് എത്രയും പെട്ടെന്ന് സർവകലാശാല ക്യാമ്പസിൽ നിന്നും ഒഴിപ്പിക്കുന്നതിനു സർവകലാശാല സ്വീകരിച്ചു വരുന്ന നടപടികൾ തടസ്സപ്പെടുത്തരുതെന്നും ആവശ്യമായ പിന്തുണ നൽകണമെന്നും KESNIK നോട് സർവകലാശാല നടപടികളോട് സഹകരിക്കാൻ നിർദേശം നൽകണമെന്നും അഭ്യർഥിച്ചുകൊണ്ടു കത്ത് നമ്പർ 177637/ADB3-3/2021/ADB3 തീയതി 03.07.2022 പ്രകാരം ,അഡീഷണൽ ചീഫ് സെക്രട്ടറി ഉന്നത വിദ്യാഭ്യാസ (സി ) വകുപ്പിന് കത്ത് നൽകിയിരുന്നു.

തുടർന്ന്  03.05.2023 - ൽ ഭവന നിർമ്മാണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ,യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച അപ്പോളത്തെ എസ്റ്റേറ്റ്  ഓഫീസറായ സജീവ് കെ . എൻ പങ്കെടുക്കുകയും ചെയ്തു. യോഗത്തിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ School of Habitat studies ന്റെ പ്രവർത്തനം ക്യാമ്പസിൽ തന്നെ തുടരുന്നതിനും ,നാളിതു വരെ നടത്തിവന്ന പരിശീലന പരിപാടിയുടെ  വിശദാംശങ്ങൾ സർവകലാശാലക്കു നൽകുന്നതിനും , നിർമ്മിതി കേന്ദ്രം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ കോഴ്സുകൾ  എം ജി യൂണിവേഴ്സിറ്റിയുടെ  അംഗീകാരത്തിനു സമർപ്പിക്കാനും ,അതു യൂണിവേഴ്സിറ്റി കോഴ്സിന്റെ ഭാഗമാക്കാനും, നിർമ്മിതി കേന്ദ്രത്തിലേക്കുള്ള  വൈദ്യുതബന്ധം പുനഃസ്ഥാപിക്കാനും യോഗം നിർദ്ദേശിച്ചു . പ്രസ്തുത  യോഗത്തിന്റെ മിനുട്സ് സംബന്ധിച്ചുള്ള  വിഷയം 24.11.2023 -ൽ കൂടിയ സിൻഡിക്കേറ്റ് പരിഗണിക്കുകയും  സർവകലാശാല ക്യാമ്പസിലെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന്  തീരുമാനിച്ചു കൊണ്ട് ഓർഡർ നം.12498/ADB3/2023/ എം ജി യൂ തീയതി 13.12.2023 പ്രകാരം  ഉത്തരവായി .

KESNIK ലേക്കുള്ള  വാട്ടർ  കണക്ഷനും ,വൈദ്യുതി ബന്ധവും പുനഃസ്ഥാപിച്ചു തരണമെന്ന് ആവശ്യപ്പെട്ടു 08.01.2024 തീയതിയിൽ അവർ കത്ത് നൽകിയിരുന്നു. ഈ  കത്ത് പരിഗണിക്കാൻ കഴിയുന്നതല്ലെന്നും സർവകലാശാല ക്യാമ്പസിലെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന്  തീരുമാനിച്ചു കൊണ്ട് സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ എത്രയും വേഗം ടി കെട്ടിടം ഒഴിഞ്ഞു തരണമെന്നും കാണിച്ചു 06.02.2024 തീയതിയിൽ നിർമ്മിതി കേന്ദ്രം ഡയറക്ടർക്ക് കത്ത്  നൽകിയിരുന്നു.

മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഓഫീസ് ഒഴിയുന്നത് സംബന്ധിച്ചുള്ള വിഷയം 26.09.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, ഇതുമായി  ബന്ധപ്പെട്ട തുടർനടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും ചെയ്തുകൊണ്ട് ഉത്തരവ് നമ്പർ 9153/ADB3/2024/എം ജി യൂ ,തീയതി  14.10.2024 പ്രകാരം ഉത്തരവാകുകയും ചെയ്തു .

Kerala Public Buildings (Evictions of unauthorised occupants) Act സെക്ഷൻ 4 പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ സർവകലാശാല ക്യാമ്പസിലുള്ള ഓഫീസിനു ക്യാമ്പസിലെ പ്രവർത്തനം അവസാനിപ്പിച്ച്  ഒഴിഞ്ഞു പോകുന്നതിനായി  നോട്ടീസ് നൽകുവാൻ രജിസ്ട്രാർ ഉത്തരവാകുകയും ,അതിനുള്ള നടപടിക്രമങ്ങൾ സെക്ഷനിൽ  ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**<u>ശ്രീമതി. മായ . എൻ</u>**

**ചോദ്യം:**

3) UMS portal, MGU-UGP-യുടെ കോഴ്സുകൾ ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്യാൻ സർവ്വകലാശാല എന്തൊക്കെ ക്രമീകരണങ്ങൾ ആണ് ചെയ്തിട്ടുള്ളത്?

**<u>ഉത്തരം: ഡോ. സുജ റ്റി.വി</u>**

UMS പോർട്ടലിൽ, MGU-UGP -യുടെ കോഴ്സുകൾ ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്തിട്ടുണ്ട്.

**ഉപചോദ്യം: ശ്രീമതി. മായ . എൻ**

നിലവിൽ BBA,BCA കോഴ്സുകൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ടോ?

**<u>ഉത്തരം: ഡോ. സുജ റ്റി.വി</u>**

BBA,BCA കോഴ്സുകൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്.

**<u>ശ്രീ. ഉണ്ണി. എം.എസ്</u>**

**ചോദ്യം:**

4) 2024-2025 കലാലയ വർഷത്തിൽ MGU-UGP പാഠ്യപദ്ധതിയിലേക്ക് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ ആകെ എത്ര വിദ്യാർത്ഥികൾ അഡ്മിഷൻ നേടിയിട്ടുണ്ട്? ഇതിൽ എത്ര അന്യസംസ്ഥാന വിദ്യാർത്ഥികൾ, വിദേശ വിദ്യാർത്ഥികൾ എന്നിവരുടെ എണ്ണം ഇനം തിരിച്ചുനൽകുക?

**<u>ഉത്തരം: ഡോ. സുജ റ്റി.വി</u>**

ഓട്ടോണോമസ് ഉൾപ്പെടെയുള്ള അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥി രജിസ്ട്രേഷൻ നടപടികൾ പൂർത്തിആയാൽ മാത്രമേ ഇത് സംബന്ധിച്ച് കൃത്യമായി എണ്ണം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

**ഉപചോദ്യം : ശ്രീ. ഉണ്ണി. എം.എസ്**

ഓട്ടോണമസ് കോളേജുകളിലെ രജിസ്ട്രേഷൻ എന്നു പൂർത്തിയാക്കും?

**<u>ഉത്തരം: ഡോ. സുജ റ്റി.വി</u>**

രജിസ്ട്രേഷൻ ഉടനെ തന്നെ പൂർത്തിയാകും.

**ഡോ. മഞ്ജുഷ കെ എ**

**ചോദ്യം:**

5) മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസിലെ FYUG പ്രോഗ്രാമുമായി ബന്ധപ്പെട്ട അദ്ധ്യാപക നിയമനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുക.

**ഉത്തരം: അഡ്വ. റെജി സക്കറിയ**

FYUG പ്രോഗ്രാമുമായി ബന്ധപ്പെട്ടു പുതുതായി സ്ഥിര അധ്യാപക തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല. പഠനവകുപ്പുകളിൽ നിലവിലുള്ള സ്ഥിര അധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് .

**ശ്രീ. ലിബിൻ കുര്യാക്കോസ്**

**ചോദ്യം:**

6) School of Physical Education and Sports Science (SPESS)-ൽ എത്ര സ്ഥിര അധ്യാപക തസ്തികകളുണ്ട്? സ്ഥിരം അധ്യാപക തസ്തികകളിൽ എത്ര തസ്തികയിലേക്ക് നിയമനങ്ങൾ നടത്തിയിട്ടുണ്ട്?

**ഉത്തരം: അഡ്വ . റെജി സക്കറിയ**

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസ് വകുപ്പിൽ ഒരു ഡയറക്ടറുടെയും 2 അസിസ്റ്റന്റ് ഡയറക്ടറുടെയും (ആയതിൽ ഒന്ന് ലേഡി അസിസ്റ്റന്റ് ഡയറക്ടർ) തസ്തികയാണുള്ളത്. നോട്ടിഫിക്കേഷൻ നം. 63/84/എ 3/അഡ്മിൻ തീയതി 11.06.1984 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ നോട്ടിഫൈ ചെയുകയും സർവകലാശാല ഉത്തരവ് നമ്പർ 63/84/എ 3/അഡ്മിൻ തീയതി 03.01.1985 പ്രകാരം 03.12.1984 മുതൽ ശ്രീ ജോസ് ജെയിംസ് നെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിക്കുകയുമുണ്ടായി.

നോട്ടിഫിക്കേഷൻ നമ്പർ 5517 (2)/88/എ II (2)അഡ്മിൻ പ്രകാരം ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ നോട്ടിഫൈ ചെയ്യുകയും 04.01.1989 മുതൽ ശ്രീ ജോസ് ജെയിംസിനെ ഡയറക്ടർ തസ്തികയിൽ നിയമിക്കുകയുമുണ്ടായി.

26/2005/AV(3)/Admn തീയതി 05.10.2005 എന്ന വിജ്ഞാപനപ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് ഓപ്പൺ ക്യാറ്റഗറിയിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും ഡോ. ബിനു ജോർജ് വർഗീസിനെ 20.06.2006 മുതൽ ടി തസ്തികയിൽ നിയമിക്കുകയും ചെയ്തു.
WPC No. 27493/2017 ഹർജിയിൽ 19.01.2018 തീയതിയിലെ ബഹു. ഹൈകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഡോ. ബിനു ജോർജ് വർഗീസ് -നെ 06.12.2014 മുതൽ ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയുണ്ടായി.

എന്നാൽ മേൽ പറഞ്ഞ തസ്തികകൾ നോൺ ടീച്ചിങ് ആണോ അതോ ടീച്ചിങ് തസ്തികകളാണോ എന്ന വിഷയത്തിൽ വ്യക്തതക്കായി ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 26.09.2024 തീയതിയിലെ സിൻഡിക്കേറ്റ് യോഗം, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസിലേക്ക് അസിസ്റ്റന്റ് പ്രൊഫസർ-2, അസ്സോസിയേറ്റ് പ്രൊഫസർ-1, പ്രൊഫസർ-1 എന്നീ പുതിയ അധ്യാപക തസ്തികകൾ അനുവദിക്കുന്നതിനായി ഗവൺമെന്റിന്റെ അനുമതി തേടുന്നതിനും, ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കു ഒരു ലേഡി അസിസ്റ്റന്റ് ഡയറക്ടറെ അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**<u>ഉപചോദ്യം : ശ്രീ. ലിബിൻ കുര്യാക്കോസ്</u>**

അധ്യാപക പോസ്റ്റുകൾ നിലവിൽ ഉണ്ടോ?

**<u>ഉത്തരം: അഡ്വ . റെജി സക്കറിയ</u>**

പോസ്റ്റുകൾ നിലവിൽ ഇല്ല. ഇത് സൃഷ്ടിക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടുണ്ട്.

**<u>ശ്രീ. സുബിൻ വർഗ്ഗീസ്</u>**

**ചോദ്യം:**

7) ഗവേഷണ കേന്ദ്രങ്ങൾ നിലവിൽ ബിരുദാനന്തര ബിരുദം ഉള്ള എയ്ഡഡ് കോളേജുകളിൽ ആണ് നൽകുന്നത്. എയ്ഡഡ് ബിരുദം ഉള്ള എന്നാൽ ബിരുദാനന്തര ബിരുദം unaided ആയിട്ടുള്ളതുമായ കോളേജിൽ അംഗീകൃത ഗവേഷണ മാർഗ്ഗദർശികൾ ഉണ്ടെങ്കിൽ ആ കോളേജിൽ ഗവേഷണ കേന്ദ്രം അനുവദിച്ചു നൽകുമോ ?

**ഉത്തരം: ഡോ. ബാബു മൈക്കിൾ**

എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് രീതിയിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങൾക്ക് 08.05.2023 ലെ സർവകലാശാല ഉത്തരവ് നം. 5046/ACA6/2023/ എം.ജി.യു പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ഗവേഷണ കേന്ദ്രം അനുവദിക്കുന്നു. ടി മാനദണ്ഡങ്ങൾ താഴെ പറയും വിധമാണ്.

**ഗവേഷണ കേന്ദ്രം അനുവദിക്കുന്നതിന്**

1. NAAC A+ ഗ്രേഡോ അതിന് മുകളിലോ ഉള്ളവ ആയിരിക്കണം, അല്ലെങ്കിൽ NIRF Ranking Framework - ൽ 200 നുള്ളിൽ ഉൾപ്പെട്ടവയായിരിക്കണം.
2. അപേക്ഷിക്കുമ്പോൾ accreditation ഉണ്ടായിരിക്കണം.

**മാനേജർ താഴെ പറയുന്ന Affidavit സ്റ്റാമ്പ് പേപ്പറിൽ നൽകേണ്ടതാണ്.**

1. ഗൈഡ്ഷിപ്പ് ലഭിച്ച എസ് എഫ് അദ്ധ്യാപകർ തുടർന്നുള്ള 5 മുതൽ 10 വർഷങ്ങളിൽ ഈ കോളേജിൽ തന്നെ ജോലി ചെയ്യുന്നതായിരിക്കും.
2. ഗവേഷക വിദ്യാർത്ഥികൾ നിലനിൽക്കെ മാർഗ്ഗദർശി കോളേജിൽ ജോലി അവസാനിപ്പിച്ചു പോയാൽ, അവശേഷിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 5 ലക്ഷം രൂപ എന്ന ക്രമത്തിൽ കോളേജിൽ നിന്നും ഫൈൻ ഈടാക്കുന്നതായിരിക്കും.
3. ഗവേഷണ വിഭാഗത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധമായും ലഭ്യമാക്കും.

**ഗവേഷണ മാർഗ്ഗദർശികൾക്കുള്ള നിബന്ധനകൾ**

1. കുറഞ്ഞത് 5 വർഷത്തെ ബിരുദാനന്തര ബിരുദ അദ്ധ്യാപന പരിചയം ഉണ്ടായിരിക്കണം. അതിൽ കുറഞ്ഞത് 2 വർഷം ഗൈഡ്ഷിപ്പ് ആവശ്യമുള്ള കോളേജിൽ ആയിരിക്കണം.
2. ജോലി ചെയ്യുന്ന കോളേജിലെ ഗവേഷണ വിഭാഗങ്ങളിൽ മാത്രമായിരിക്കും ഗൈഡ്ഷിപ്പ് അനുവദിക്കുക
3. തുടർന്നുള്ള 5 വർഷങ്ങളിൽ ഇതേ വിഭാഗത്തിൽ ജോലി ചെയ്യുന്നതായിരിക്കും എന്ന സത്യവാങ്മൂലം.
4. ഗവേഷക വിദ്യാർത്ഥികൾ നിലനിൽക്കെ കോളേജിലെ സേവനം അവസാനിക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാല കൈക്കൊള്ളുന്ന നടപടികൾ സ്വീകരിച്ചുകൊള്ളാം എന്ന സത്യവാങ്മൂലം.

മേൽ സൂചിപ്പിച്ച നിബന്ധനകൾക്ക് പുറമെ മഹാത്മാഗാന്ധി സർവകലാശാലാ പി.എച്ച്.ഡി റെഗുലേഷൻസ് 2016 പ്രകാരമുള്ള ചട്ടങ്ങളും ഇവർക്ക് ബാധകമാണ്.

**<u>ശ്രീ. മുഹമ്മദ് റസ്സൽ</u>**

**ചോദ്യം:**

8) മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ക്യാമ്പസ് തെരഞ്ഞെടുപ്പ് അതാത് ക്യാമ്പസുകൾ നടത്തുന്നത് യൂണിവേഴ്സിറ്റി മാനദണ്ഡങ്ങൾ പ്രകാരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ? ചില ക്യാമ്പസുകൾ യൂണിവേഴ്സിറ്റി നിർദേശപ്രകാരമുള്ള ബാലറ്റ് പേപ്പർ അല്ല വിദ്യാർത്ഥികൾക്ക് നൽകുന്നത്. പകരം ക്യാമ്പസുകൾ സ്വന്തമായി തയ്യാറാക്കുന്ന ബാലറ്റ് പേപ്പറുകളാണ് നൽകുന്നത്. ഇത്തരത്തിൽ യൂണിവേഴ്സിറ്റി മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റി പരിശോധിക്കുന്നുണ്ടോ?

**<u>ഉത്തരം: അമൽ അബ്രഹാം</u>**

സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ നടത്തി വരുന്നത് ബഹു.സുപ്രീം കോടതി അംഗീകരിച്ച JM . Lyngdoh Committee ശുപാർശകളിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള സർവകലാശാല റെഗുലേഷൻ(U.O.No.1738/AC L/2022/MGU dated 19.02.2022, U.O.No.1940/AC L/2022/MGU dated 23.02.2022) പ്രകാരമാണ്. J.M. Lyngdoh Committee ശുപാർശകളിലെ 6.8.1, 6.8.2 എന്നീ ക്ലോസ് - കളിലെ വ്യവസ്ഥകൾ പ്രകാരം, ഇൻസ്റ്റിട്യൂഷനൽ ഹെഡ് / കോളേജിന്റെ പരമാധികാരി എന്ന നിലയിൽ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം എടുക്കേണ്ടത് പ്രിൻസിപ്പലാണ് എന്ന് സൂചിപ്പിച്ചിരിക്കുന്നു. കൂടാതെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ നേരിട്ട് പരിശോധിക്കുന്നതിനായി തെരെഞ്ഞെടുപ്പ് നിരീക്ഷകരെയും നിയമിക്കാറുണ്ട്. തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിലും റെഗുലേഷനിലും നാമനിർദ്ദേശ പത്രിക, ബാലറ്റ് പേപ്പർ എന്നിവയുടെ മാതൃകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവകലാശാല റെഗുലേഷനിൽ നിന്നും വ്യത്യസ്തമായി കോളേജുകൾ തെരെഞ്ഞെടുപ്പ് നടത്തുന്നതായി സംബന്ധിച്ച പരാതികൾ ഒന്നും തന്നെ റെഗുലേഷൻ പ്രകാരം സർവകലാശാലയിൽ ലഭിച്ചിട്ടില്ല.

**ഉപചോദ്യം : ശ്രീ. മുഹമ്മദ് റസ്സൽ**

ഉത്തരത്തിൽ പറയുന്നത് പരാതികളൊന്നും ലഭിച്ചിട്ടില്ല എന്നാണ്.എന്നാൽ NSS, കോന്നി കോളേജിൽ നിന്നും ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുള്ളതായി മനസിലാക്കുന്നു?

**<u>ഉത്തരം: അമൽ അബ്രഹാം</u>**

NSS കോളേജ് കോന്നി -ൽ ഇലക്ഷൻ നടന്നിട്ടില്ല.

**<u>ശ്രീ. ഉണ്ണി. എം.എസ്</u>**

**ചോദ്യം:**

9) MG സർവ്വകലാശാലയുടെ വിവിധ പഠനവകുപ്പുകളിൽ നാളിതുവരെ എത്ര പേറ്റന്റ് ലഭിച്ചിട്ടുണ്ട്?

**<u>ഉത്തരം: ഡോ. സുജ റ്റി . വി</u>**

സർവ്വകലാശാലയുടെ വിവിധ പഠനവകുപ്പുകളിൽ ലഭിച്ചിട്ടുള്ള പേറ്റന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Patents Granted | | | | |
|---|---|---|---|---|
| **Sl No** | **Application No.** | **Title** | **Status** | **Inventors** |
| 1 | 135/CHE/2012 | HIGHLY GAS IMPERMEABLE ELASTOMERIC RUBBER-RUBBER BLEND NANO COMPOSITE. | Granted | Dr.Sabu Thomas |
| 2 | 3682/CHE/2016 | Enatiopure total synthesis of indolizinoindole alkaloid (+)harmicine and (-) harmicine from (2S,3R)-Tetrahydro-3-hydroxy-5-oxo -2,3-furandicarboxylic acid (Hibiscus acid) and (2S,3S)-Tetrahydro-3-hydroxy-5-oxo -2,3-furandicarboxylic acid(Garcinia acid)Ibrahim Ibnusaud and SarathMuralidharan Pillai. Indian Patent No.3682/CHE/2016. | Granted | Ibrahim Ibnusaud and SarathMuralidharan Pillai |

| | | | | |
|---|---|---|---|---|
| 3 | - | Synthesis of(R)-(+)-Crispine Aand(S)-(-)-Crispine A from(2S,3R)- and (2S,3S)-Tetrahydro-3-hydroxy-5-oxo-2,3-furandicarboxylic acids, Divya Sadasivan Nair, Deenamma Habel and Ibrahim Ibnusaud, Indian Patent No.3484/CHE/2016. | Granted | Divya Sadasivan Nair, Deenamma Habel and Ibrahim Ibnusaud |
| 4 | - | Fibre reinforced composites with toughened epoxy matrix and a process for preparing the same application 940/CHE 2006, published 2007-12-07 .VattikutiLakshmanaRao, Beojoy Francis, RajagopalRamaswamy , Kavoor Ninan Ninan, Sabu Thomas .date of grant | Granted | Patent No. 276350 date of grant 17/10/2016. |
| 5 | - | Antithrombotic compounds, methods and uses thereof. issued to University of British Columbia, Canada and University of Illinois, USA | Granted | Jayachandran Kizhakkedathu, James H Morrissey, Richard J Travers, Rajesh Shenoi, Manu Thomas Kalathottukaren |
| 6 | - | Highly Gas Impermeable Elastomeric Rubber-Rubber Blend Nano Composite -Intellectual Property India Sl No: 044112343 | Granted | Dr.Sabu Thomas |
| 7 | 201841003768 | A POLY (TRIMETHYLENE TEREPHTHALATE)/POLYPROPYLENE BLEND NANOCOMPOSITE FORMULATION AND A METHOD THEREOF | Granted | Ajitha A.R, Aswathi M.K, Sabu Thomas, Nandakumar Kalarikkal, Lovely P. Mathew, Geethamma V G |

| | | | | |
|---|---|---|---|---|
| 8 | 638/DEL/2015 | A POLYMER NANOCOMPOSITE, PROCESS AND APPLICATIONS THEREOF | Granted | MOHAMMED ARIF POOTHANARI, Sabu Thomas, Nandakumar Kalarikkal |
| 9 | 15/313,774 | Antithrombotic Compunds, Methods and Uses there of | Granted | Jayachandran Kizhakkedath , Rajesh Shenoi( both Mahatma Gandhi University), Manu Thomas Kalthottukaran, James Morrissey & Richard J Travers |
| 10 | CN107406624 A | A POLYMER NANOCOMPOSITE, PROCESS AND APPLICATIONS THEREOF | Granted | Dr. Sabu Thomas |
| 11 | PCT/IB2016/051 294 | A POLYMER NANOCOMPOSITE,PROCESS AND APPLICATIONSTHEREOF | Granted | Mohammed Arif POOTHANARI, Sabu THOMAS and Nandakumar KALARIKKAL |
| 12 | 201841003767 | A POLY TRIMETHYLENE TEREPHTHALATE NANOCOMPOSITEFORMULATI ON AND A METHOD THEREOF” | Granted | Aswathi M.K, Ajitha A.R, Sabu Thomas, Nandakumar Kalarikkal, M. Padmanabhan, Lovely P. Mathew |
| 13 | 201841019516 | SOLID-STATE FERMENTATION REACTOR | Granted | Jayachandran K(MGU), Sabu Abdul Hammed, Haridas Madathil Kovilakathu, Swaroop Sukumaran Kumar, Mousumi Das Moozhikkal, Nimisha Vijayan Pallath, SurendranNikhitha |

| | | | | |
|---|---|---|---|---|
| | | | | Ottathayyil (all Kannur Uty.) |
| 14 | PCT/IB2016/051294 (International) | A Polymer Nanocomposite, process and Applications thereof | Granted | POOTHANARI, Mohammed Arif, THOMAS, Sabu, KALARIKKAL, Nandakumar |
| 15 | 201841040356 | Designing of Superior Nanodielectric XLPE/AL203 Nanocomposite | Granted | Josmin P .Jose, Sabu Thomas, |
| 16 | 201941041353 | Development of Novel reusable polymer supported transition metal catalyst for coupling reactions | Granted | Sruthi P. R, Anas S |
| 17 | 201941046790 | Graphene oxide/Polyvinyl alcohol membrane for the pervaporation seperaation of fefrahydrofural-water azeotropic mixture and preparation thereof | Granted | JOSE, Thomasukutty, GEORGE, Soney C, THOMAS, Sabu |
| 18 | 201841003767 | A POLY TRIMETHYLENE TEREPHTHALATE NANOCOMPOSITEFORMULATION AND A METHOD THEREOF” | Granted | Aswathi M.K, Ajitha A.R, Sabu Thomas, Nandakumar Kalarikkal, M. Padmanabhan, Lovely P. Mathew |
| 19 | 201841019516 | SOLID-STATE FERMENTATION REACTOR | Granted | Abdulhameed, Sabu; Kochupurackal, Jayachandran(Mahatma Gandhi University); Madathilkovilakathu, Haridas; Kumar, Swaroop Sukumaran; Moozhikkal, Mousumi Das; Pallath, Nimisha Vijayan; Ottathayyil, Nikhitha Surendran |

| | | | | |
|---|---|---|---|---|
| 20 | 201941041353 | DEVELOPMENT OF NOVEL REUSABLE POLYMER SUPPORTED TRANSITION METAL CATALYST FOR COUPLING REACTIONS | Granted | Sruthi P. R, Anas S |
| 21 | 201911046464 | Electromagnetic interference shielding composition, article and methods thereof | Granted | Avinash Rajalakshman Pai, Sabu Thomas, Nandakumar Kalarikkal |
| 22 | 201841040345 | A process of fabricating MWCNT/poly vinyl chloride composite films based sensors | Granted | Elizabeth Francis, Ko Hyun-U, Kim Jaehwan, Sabu Thomas |
| 23 | 201841040341 | A Sustainable Water Purification System Based on Coir Fiber coupled with UV Treatment | Granted | Meldin Mathew, Deepu. A. Gopakumar, Sayju Karim Andani,Sabu Thomas |

| **Patents Published** | | | | |
|---|---|---|---|---|
| **Sl No** | **Application No** | **Status** | **Inventors** | **Title** |
| 24 | 201841002436 | Published | Jasim B, Dhanoop M. S, Aswani R, Chithra S, Radhakrishnan E.K | A METHOD FOR THE ENHANCEMENT OF PIPERINE PRODUCTION BY ENDOPHYTIC FUNGI USING NANO-SUBSTRATES |
| 25 | 201841002437 | Published | Jishma P, Divya A, Jyothis Mathew, Radhakrishnan E.K | A NATURAL COMPOSITION TO CONTROL PLANT DISEASES AND A METHOD THEREOF |
| 26 | 201841003768 | Published | Ajitha A.R, Aswathi M.K, Sabu Thomas, Nandakumar Kalarikkal, | A POLY (TRIMETHYLENE TEREPHTHALATE)/POLY PROPYLENE BLEND |

| | | | | |
|---|---|---|---|---|
| | | | Lovely P. Mathew, Geethamma V G | NANOCOMPOSITE FORMULATION AND A METHOD THEREOF |
| 27 | 201841003767 | Published | Aswathi M.K, Ajitha A.R, Sabu Thomas, Nandakumar Kalarikkal, M. Padmanabhan, Lovely P. Mathew | A POLY TRIMETHYLENE TEREPHTHALATE NANOCOMPOSITEFORMULATION AND A METHOD THEREOF” |
| 28 | WO-2016142848-A1 | Published | Mohammed Arif P, Sabu Thomas, Nandakumar Kalarikkal | A polymer Nanocomposite, Process And Application there-of,WIPO Publication number: WO2016142848 A1, Publication date: Sep 15, 2016, |
| 29 | 202111058901 | Published | Prof. (Dr.) Roopali Sharma, RAJESH.E, Prof. (Dr.) Yuvraj Lahoti, Dr. AR.Saranakumar, Dr Anupam Mitra, Dr. Manoj Sharma, Dr. Akhilesh Tiwari | A system and method for evidence based practice in education |
| 30 | 201841032445 | Published | Smitha Vijayan, Dr. Jisha M S | AN ANTITUMOUR AND ANTIBACTERIAL FORMULATION AND A METHOD THERE OF |
| 31 | 202111054238 | Published | Dr. Yusuf Perwej, Dr. Nayeem Ahmad khan, . Ms. Mandeep Kaur Purba, Dr. G. RAMASUBBA REDDY, . Dr. Suneel Pappala, Dr.T.Preethiya, Dr. Urmila R. Pol, Dr. Tejashree Upendra Sawant, Rajesh Elayedath , Dr. Brijesh Sathian, Mrs. Renisha P.S | Artificial Intelligent and cloud based conversational robot for blind people assistance |

| | | | | |
|---|---|---|---|---|
| 32 | 201941000403 | Published | Amirsadegh Rezazadeh Nochehdehi, Sabu Thomas , Minoo Sadri, Yves Grohens , Nandakumar Kalarikkal | BIOCOMPATIBLE IRON-COBALT-HYDROXYAPATITE (FECO@HAP) NANO-ALLOYS PROCESS AND APPLICATIONS |
| 33 | 167/CHE/2007 | Published | Dr.Radhakrishnan E K | CHALCONE SYNTHASE (CHS) GENE FROM GINGER |
| 34 | 201941041354 | Published | Divya K, Dr. Jisha M S | CHITOSAN NANOPARTICLES EXTRACTED FROM PENAEUS MONODON AS A BIO FERTILIZER AND DEFENCE ELICITOR IN RICE |
| 35 | 201841040344 | Published | Deepu. A. Gopakumar, Avinash R Pai, Nandakumar Kalarikkal, Sabu Thomas | CONDUCTIVE CELLULOSE NANOPAPERS FOR EMI SHIELDING APPLICATIONS |
| 36 | 202141011913 | Published | THOMAS Sabu, KALARIKKAL Nandakumar, VELAYUDHAN Prajitha, PADUVILAN Jibin Keloth | Core shell structure reinforced natural rubber composite for green tyre application and preparation thereof |
| 37 | 202241041368 | Published | Rajesh.E, Abdul Hannan Abdul Mannan Shaikh, Dr. Ramesh Manza, Ms. Sheetal Suresh Rajapurkar, Dr. Shruti Garg, Mr. Pravin Laxman Thorat, Prof. Sudheer Kumar, Dr. Abhijeet K. Digalwar | Developing artificial intelligence based feedback system in higher education institutions |
| 38 | 201941041356 | Published | Helseena E H , Aju K. Asok , Dr. Jisha M S | DEVELOPMENT OF A BACTERIAL INSECTICIDE |

| | | | | |
|---|---|---|---|---|
| | | | | AGAINST BANANA PSEUDOSTEM WEEVIL |
| 39 | 20184104034 9 | Published | Dr. Sabu Thomas, Mereena Luke, Dr. M.S.Latha, Dr. Nandakumar Kalarikkal | DEVELOPMENT OF G-4 PAMAM-OH DENDRIMER-NANO CURCUMIN CONJUGATES FOR ENHANCED ANTICANCER AND ANTIMICROBIAL ACTIVITY |
| 40 | PCT/IB2020/0 50030 (International-World Intellectual Property Organisation) | Published | Avinash Rajalakshman Pai, Sabu Thomas, Nandakumar Kalarikkal | Electromagnetic interference shielding composition, article and methods thereof |
| 41 | 201911046464 | Published | Avinash Rajalakshman Pai, Sabu Thomas, Nandakumar Kalarikkal | ELECTROMAGNETIC INTERFERENCE SHIELDING COMPOSITION, ARTICLE AND METHODS THEREOF |
| 42 | EP20887102.0 | Published | Avinash RAJALAKSHMAN PAI,Sabu THOMAS, Nandakumar KALARIKKAL | Electromagnetic interference shielding composition, article and methods thereof |
| 43 | PCT/IB2020/0 50030 | Published | Avinash Rajalakshman Pai, Sabu Thomas, Nandakumar Kalarikkal | Electromagnetic interference shielding composition, article and methods thereof |
| 44 | 20224102625 0 | Published | Dr. Arunmozhi. M , Rajesh.E, Dr. Sidhi Verma, Ms. Shikha Kansal, Dr. Madhuri Rahul Gulave , Dr. Santosh Jabaji Lagad, Dr. Richa Singhal, Dr M | Method and system of managing motivation and employee productivity through performance management |

| | | | | |
|---|---|---|---|---|
| | | | Hameedunissa | |
| 45 | 202241012264 | Published | Rajesh.E, Prof. (Dr.) Yuvraj Lahoti, Gaurav Kumar Chawla, Dr. Shreevamshi, Dr Arpita Shrivastava, Dr. Shilpa C. Shinde, Preksha Yadav, Prof. Neerej Dev | Model for implementing virtual reality in education |
| 46 | 201941000238 | Published | Aswathy Jayakumar, Sumi T.S , Heera K.V , Meritta Joseph, Shiji Mathew, Praveen Govindh , Radhakrishnan E.K | POLYVINYL ALCOHOL BASED NANOCOMPOSITE FILMS FABRICATED WITH ZINC OXIDE NANOPARTICLES AND CLOVE OIL FOR ANTIMICROBIAL APPLICATION |
| 47 | 201941041355 | Published | Midhun Sebastian Jose,Dr. Jyothis Mathew, Dr. Radhakrishnan E. K | PROBIOTIC INCORPORATED FISH FEED FOR IMPROVED GROWTH PERFORMANCE |
| 48 | 201941041357 | Published | Tijith K George, Dr. Jisha M S | QUALITATIVE ASSAY FOR THE DETECTION OF DIHYDROQUERCETIN PRODUCTION FROM PENICILLIUM SETOSUM SP. NOV |
| 49 | 202141058897 | Published | 1 . RAJESH.E 2 . Dr. Mohinder Chand 3 . Dr. Ankush Ambardar 4 . Dr. Kunal Raheja 5 . Dr Anupam Mitra 6 . Dr. Manoj Sharma 7 . Dr. Vinay Raj 8 . Dr. Akhilesh Tiwari | System & Applications of Artificial Intelligence for Interplay Between Business, Innovation and Technology |

| | | | | |
|---|---|---|---|---|
| 50 | 202221034111 | Published | Dr. Vijay Kulkarni, Rajesh.E, Dr. S. Rupendra Rao, Poornima Tiwari, . Dr. Anju Gupta, Dr. Zamarrud Ansari, Ms. Simnalika Kushwaha, Dr. Kavitha Jayakumar | System and methods of effective communication in improving employee morale |
| 51 | 202141055257 | Published | 1 . Praveena nuthakki 2 . Dr. Ravi 3 . Joy Winston j 4 . Dr. Lakhwinder Singh 5 . K.G. NANDHA KUMAR 6 . M. karthikeyan 7 . Dr. Tribhuwan Kumar 8 . Dr. Jignesh B. Patel 9 . Rajesh Elayedath 10 . Dr. Brijesh Sathian 11 . Dr. G. Silambarasan | THE ROLE OF IOT AND CLOUD COMPUTING TECHNOLOGY IN MODERN DIGITAL EDUCATION SYSTEMS |
| 52 | 201941000237 | Published | Sheetal Sivankutty, Dr. Jayachandran | TRIGONELLINE FROM FENUGREEK: A QUORUM SENSING MIMIC OF PSEUDOMONAS AERUGINOSA TO ENHANCE QS RELATED PROPERTY |
| 53 | WO20210948 36A1 | Published | Avinash R PAI,Sabu THOMAS, Nandakumar KALARIKKAL | ELECTROMAGNETIC INTERFERENCE SHIELDING COMPOSITION, ARTICLE AND METHODS THEREOF |

**ശ്രീ. റ്റിറ്റു തോമസ്**

**ചോദ്യം:**

10) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ എത്രയെണ്ണം ഉപയോഗശൂന്യമാണ്?

**<u>ഉത്തരം: ഡോ. സെനോ ജോസ്</u>**

സർവ്വകലാശാല ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ നിലവിൽ 5 എണ്ണം ഉപയോഗശൂന്യമായി ഗാരേജിൽ സൂക്ഷിച്ചിരിക്കുന്നു.

**ഉപചോദ്യം : ശ്രീ. റ്റിറ്റു തോമസ്**

ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യാൻ നടപടി കൈക്കോണ്ടിട്ടുണ്ടോ?

**<u>ഉത്തരം: ഡോ. സെനോ ജോസ്</u>**

അതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**<u>അപർണ പി.</u>**

**ചോദ്യം:**

11) നിലവിൽ DSU Staff Advisor എന്ന അക്കൗണ്ട് കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥൻ ആരാണ്? നിലവിൽ ഈ അക്കൗണ്ട് കൈകാര്യം ചെയ്യുന്നതാരാണെന്ന് വ്യക്തമാക്കുക?

**<u>ഉത്തരം: ശ്രീ . ഹരികൃഷ്ണൻ പി.</u>**

DSU Staff advisor -ന്റെ പേരിലുള്ള ബാങ്ക് അക്കൌണ്ട് കൈകാര്യം ചെയ്യുന്നത് സർവ്വകലാശാലയുടെ ഫിനാൻസ് ഓഫീസറാണ്.

**<u>ഡോ. സജ്ജ മാത്യൂ</u>**

**ചോദ്യം:**

12) 2024 അധ്യയന വർഷം നാലുവർഷ ഡിഗ്രി കോഴ്സുകളുടെ അഡ്മിഷൻ പൂർത്തീകരിച്ചപ്പോൾ എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ എയ്ഡഡ് കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം പട്ടിക തിരിച്ച് നൽകാൻ കഴിയുമോ?

**ഉത്തരം: അഡ്വ. പി.ബി. സതീഷ് കുമാർ**

ഓട്ടോണോമസ് കോളേജുകൾ ഉൾപ്പെടെ ഉള്ളവയുടെ വിവരങ്ങൾ കൂടി ലഭ്യമാകുന്ന മുറക്കെ ഇത് സംബന്ധിച്ച് കൃത്യമായ എണ്ണം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

**ശ്രീ. ജോസഫ് ഡെറിൽ കെ എസ്**

**ചോദ്യം:**

13) നാലുവർഷ ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം ഏതെല്ലാം MOOC കോഴ്സുകൾ സർവ്വകലാശാല നൽകുന്നുണ്ട്. എത്രപേർ അതിൽ ജോയിൻ ചെയ്തു. ഇനി പുതിയതായി ഈ വർഷം ഏതെങ്കിലും കോഴ്സുകൾ നൽകാൻ സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടോ?

**ഉത്തരം: ഡോ. സുജ റ്റി. വി**

നാല് വർഷ ബിരുദ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ MOOC കോഴ്സ് ഒന്നും തന്നെ നടത്തുന്നില്ല, പുതിയതായി ഈ വർഷം ഏതെങ്കിലും കോഴ്സുകൾ നല്കാൻ സർവകലാശാല തീരുമാനിച്ചിട്ടില്ല.

**ശ്രീ. സുബിൻ വർഗ്ഗീസ്**

**ചോദ്യം:**

14) 2023-24, 2024-25 അക്കാദമിക വർഷങ്ങളിൽ ഏതൊക്കെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനായി NOC നൽകി? ഏതൊക്കെ കോളേജുകൾക്ക് NOC നൽകിയിട്ടില്ല ?

**ഉത്തരം: അഡ്വ. പി. ബി. സതീഷ് കുമാർ**

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് സ്വയംഭരണ പദവി ലഭിക്കുന്നതിനായി NOC നൽകിയിട്ടില്ല. അഫിലിയേറ്റഡ് കോളജുകൾക്ക് സ്വയംഭരണ പദവി ലഭിക്കുന്നതിന് സർവ്വകലാശാല NOC നല്കണമെന്ന വ്യവസ്ഥ നിലവിലില്ല.

**<u>ഡോ. മഞ്ജുഷ കെ എ</u>**

**ചോദ്യം:**

15) സർവ്വകലാശാല ക്യാമ്പസിലെ സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർ ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകിക്കൊണ്ടാണ് അവരുടെ സേവന കാലാവധി അവസാനിപ്പിക്കുന്നത്. എന്നിരുന്നാലും തുടർന്ന് നിയമനം നടത്തുന്നതിൽ കാലതാമസം വരുന്നുണ്ട്. ടി കാലതാമസം ഒഴിവാക്കുന്നതിനും എത്രയും പെട്ടെന്ന് നിയമനം നടത്തുന്നതിനുമുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണ്? ടി കാലതാമസം എങ്ങനെ ഒഴിവാക്കാം? നിയമനങ്ങൾ എങ്ങനെ ത്വരിതഗതിയിലാക്കാം?

**<u>ഉത്തരം: അഡ്വ. റെജി സക്കറിയ</u>**

സർവ്വകലാശാല ക്യാമ്പസിലെ സ്കൂളുകളിലെ ഗസ്റ്റ് അധ്യാപകർ അവരുടെ സേവന കാലാവധി അവസാനിപ്പിക്കുമ്പോൾ അതാത് പഠന വകുപ്പിൽ ഫാക്കൽറ്റി കൗൺസിൽ യോഗം ചേർന്ന് ഏതു വിഷയത്തിനാണ് ഒഴിവു റിപ്പോർട്ട് ചെയ്യേണ്ടത് എന്ന് തീരുമാനിക്കുകയും ആയതു സെക്ഷനിൽ കത്ത് മുഖേന അറിയിക്കുകയും ചെയ്യുന്നു . ഇതേ തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് അധ്യാപകർക്കുള്ള പൊതുവായ സംവരണക്രമം പാലിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അംഗീകാരത്തിനായി ബഹു: വൈസ് ചാൻസിലർ മുമ്പാകെ സമർപ്പിക്കുന്നു . മേൽ വിഷയത്തിൽ അംഗീകാരം ലഭിച്ചതിനു ശേഷം വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും പ്രസ്തുത തീയതി മുതൽ 15 ദിവസം ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നു. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിക്കുകയും ഓരോ വിഷയത്തിലും ലഭിച്ച അപേക്ഷകളുടെ എണ്ണമുൾക്കൊള്ളിച്ചുകൊണ്ട് അഭിമുഖത്തിനുള്ള തീയതി നിശ്ചയിക്കുന്നതിലേക്കായി വൈസ് ചാൻസിലർ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നു. അഭിമുഖത്തിനുള്ള തീയതി ലഭിച്ചതിനു ശേഷം ടി വിവരം അപേക്ഷകരെ മെയിൽ മുഖേനയും ഫോൺ മുഖേനയും അറിയിക്കുന്നു . അഭിമുഖത്തിന് ശേഷം പ്രൊസീഡിങ്സ് തയ്യാറാക്കി സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിക്കുകയും ആയതു സിൻഡിക്കേറ്റ് യോഗത്തിൽ അംഗീകാരം ലഭിച്ച ശേഷം റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മേൽ പരാമർശിച്ച നടപടികൾക്ക് ശേഷമാണ് ഒഴിവ് റിപ്പോർട്ട് ചെയ്ത തസ്തികയിലേക്ക് ഗസ്റ്റ് അധ്യാപകരെ നിയോഗിക്കുന്നത് . ടി നപടിക്രമങ്ങളുടെ കാലതാമസം ഒഴിവാക്കുവാൻ പ്രയാസമാണെങ്കിലും ഇവ അടിയന്തിരമായി പൂർത്തീകരിച്ച് ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനം നടത്തുവാൻ സർവ്വകലാശാല പരമാവധി ശ്രമിക്കാറുണ്ട്.

**ഡോ. ബിജു എം കെ**

**ചോദ്യം:**

16) CAS പ്രമോഷനുമായി ബന്ധപ്പെട്ട് Panel അംഗീകാരം തുടങ്ങിയ കാര്യങ്ങൾക്ക് കാലതാമസം നേരിടുന്നുണ്ട്. മറ്റ് പല സർവ്വകലാശാലകളും ചെയ്യുന്നതുപോലെ ഒരു അധ്യയന വർഷത്തിൽ വരാവുന്ന CAS പ്രമോഷനുകൾ കണക്കാക്കി Panel ആ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ അംഗീകാരം വാങ്ങി നടപടികൾ ത്വരിതപ്പെടുത്തുവാൻ സാധിക്കുമോ?

**ഉത്തരം: ഡോ. എ.എസ് സുമേഷ്**

ഒരു അധ്യയന വർഷത്തിൽ വരാവുന്ന CAS പ്രമോഷനുകൾ കണക്കാക്കി Panel ആ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ അംഗീകാരം നല്കാൻ യു.ജി.സി റെഗുലേഷൻസ് 2018 പ്രകാരം സാധ്യമല്ല.

യു.ജി.സി റെഗുലേഷൻസ് 2018 ക്ലോസ് 6.1 I പ്രകാരം "A teacher who wishes to be considered for promotion under the CAS may submit in writing to the university/college, within three months in advance of the due date, that he/she fulfils all the requirements under the CAS and submit to the university/college the Assesment Criteria and Methodology Proforma as evolved by the university concerned supported by all credentials as per the Assement Criteria and Methodology guidelines set out in these Regulations."

**വൈഷ്ണവി ഷാജി**

**ചോദ്യം:**

17) LLB -യുടെ വാല്യുവേഷൻ കാമ്പുകൾ പ്രവർത്തി ദിവസം വെയ്ക്കുന്നതിലൂടെ ക്ലാസുകൾ നഷ്ടമാകുന്ന സാഹചര്യമാണ്. വിദ്യാർത്ഥികൾ സെമസ്റ്ററുകളിൽ ഫീസ് അടയ്ക്കുകയും എന്നാൽ ക്യാമ്പ് നടക്കുന്ന സാഹചര്യങ്ങളിൽ കൃത്യമായ ക്ലാസുകൾ എടുക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്? ഈ പ്രശ്നം പരിഹരിക്കുന്നതിനായി യൂണിവേഴ്സിറ്റി പുതിയ ക്രമീകരണങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

**ഉത്തരം: ഡോ. ജോജി അലക്സ്**

സാധാരണയായി LLB വാല്യൂവേഷൻ ക്യാമ്പുകൾ പ്രവർത്തി ദിവസങ്ങളിൽ വയ്ക്കുമ്പോൾ പ്രസ്തുത ദിവസങ്ങളിൽ വിദ്യാർത്ഥികളെ ഇന്റേൺഷിപ്പ് പ്രോഗ്രാമിനായി വിടാറുണ്ട്. മറ്റുള്ള

അവസരങ്ങളിൽ ക്ലാസുകൾ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനായി ചില കോളേജുകളിൽ ഓൺലൈൻ ക്ലാസുകൾ എടുത്തുവരുന്നുമുണ്ട്. വാല്യൂവേഷൻ ക്യാമ്പുകൾ കാരണം ക്ലാസുകൾ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനായി എല്ലാ കോളേജുകളിലും ഓൺലൈൻ ക്ലാസുകൾ നടത്തണമെന്നതിന് നയപരമായ തീരുമാനം ആവശ്യമാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉപചോദ്യം: വൈഷ്ണവി ഷാജി**

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ജൂൺ, ജൂലൈ മാസങ്ങളിലായി ഏകദേശം ഇരുപതോളം ക്ലാസുകൾ നഷ്ടമാകുന്ന സാഹചര്യമുണ്ട്. ക്യാമ്പസിലെ അക്കാദമിക് ഉൾപ്പെടെ മറ്റ് ആക്ടിവിറ്റീസ് എല്ലാം മാറ്റിവക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. വരും വർഷങ്ങളിൽ ഇതിനൊരു മാറ്റം വരുത്തുമോ?

**<u>ഉത്തരം: ഡോ. ജോജി അലക്സ്</u>**

പരമാവധി ക്ലാസുകൾ നഷ്ടപ്പെടുത്താതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും.

**<u>ശ്രീ. മുഹമ്മദ് സഫ്വാൻ</u>**

**ചോദ്യം:**

18) എം.ജി സർവ്വകലാശാലയിൽ പ്രവർത്തിച്ചിരുന്ന യൂണിവേഴ്സിറ്റി കഫെയ്ക്ക് പ്രവർത്തന അനുമതി ആരാണ് നൽകിയത്? ടെൻഡർ നടപടി പാലിച്ചാണോ അനുമതി നൽകിയത്?

**<u>ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി</u>**

സ്റ്റാറ്റ്യൂട്ടറി ടീച്ചിങ് ഡിപ്പാർട്ട്മെന്റായ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ പ്രവർത്തിച്ച "യൂണിവേഴ്സിറ്റി കഫെ" സ്ഥാപിച്ചിട്ടുള്ളത് ടെൻഡർ നടപടിയിലൂടെയല്ല .സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിലെ മേജർ റിസേർച്ച് പ്രൊജക്റ്റ് ആയ "Content Enrichment of Heritage Tourism Interpretation in Museum Environments through Augmented Reality,Virtual Reality and Holography" -യുടെ ഭാഗമായി രൂപം കൊള്ളുന്ന immersive museum -ന്റെ "museum allied infrastructure facility" ആയി U .O No 12786 / SC /ST Cell / 2023 /MGU dated 21.12.2023 -ന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടതാണ് യൂണിവേഴ്സിറ്റി കഫേ .ഈ അക്കാദമിക്ക് വർഷം Directorate for applied Short term Programmes (DASP )മായി ചേർന്ന് സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ആരംഭിക്കുന്ന തൊഴിലധിഷ്ഠിത ഹോസ്പിറ്റാലിറ്റി പ്രോഗ്രാമുകളായ Diploma in Culinary Arts ,Certificate in

Culinary Arts എന്നിവയിലെ വിദ്യാർത്ഥികളുടെ പ്രായോഗിക പരിശീലന ലാബ് ആയി പരിഗണിച്ചുകൂടി ആരംഭിച്ചതാണ് യൂണിവേഴ്സിറ്റി കഫേ സ്കൂളിന്റെ ഈ സൗകര്യം ഉപയോഗിച്ച് ഈ തൊഴിലധിഷ്ഠിത പ്രോഗ്രാമുകൾ ഉടൻ തന്നെ ആരംഭിക്കും .

**ഉപചോദ്യം: ശ്രീ. മുഹമ്മദ് സഫാൻ**

ടെൻഡർ നടപടികളിലൂടെ ഈ സ്ഥാപനം തുറന്നു പ്രവർത്തിക്കാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുമോ?

**<u>ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി</u>**

പഠനവകുപ്പിൻറെ ഭാഗമായി പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും.

**<u>ഡോ. ബിജു എം കെ</u>**

**ചോദ്യം:**

19) അധ്യാപകരുടെ Quarters-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നതായി കാണുന്നില്ല. സർവ്വകലാശാല ഉടനെ തുടർനടപടികൾ ആലോചിക്കുന്നുണ്ടോ? പഴയ നിർമ്മാണ പ്രവർത്തനങ്ങളിൽ അനുവദിച്ച തുക ബാക്കിയുണ്ടോ? അവ തുടർന്ന് ഉപയോഗിക്കുവാൻ സാധിക്കുമോ?

**<u>ഉത്തരം: ഡോ. സെനോ ജോസ്</u>**

സർവകലാശാല ക്യാമ്പസിൽ അധ്യാപകർക്കായുള്ള 16 ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിന്റെ കൺസ്ട്രക്ഷൻ ഏജൻസിയായി BSNL -നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. 4,86,61,000/- (നാല് കോടി എൺപത്തിയാറു ലക്ഷത്തി അറുപത്തി ഒന്നായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് ആണ് ടി പ്രവർത്തിക്കായി അംഗീകരിച്ചത്. നാളിതുവരെ 4,48,66,100/- (നാലു കോടി നാൽപ്പത്തി എട്ടുലക്ഷത്തി അറുപത്തി ആറായിരത്തി ഒരുന്നൂറ് രൂപ മാത്രം) രൂപ വിവിധ ഉത്തരവുകൾ പ്രകാരം BSNL ന് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിലെ 9 ക്വാർട്ടേഴ്സുകളുടെ നിർമ്മാണം പൂർത്തിയാക്കി സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പൂർത്തീകരിക്കുവാനുള്ള 7 ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിൽ നിന്നും BSNL പിൻവാങ്ങിയതിനെ തുടർന്ന് സർവകലാശാലയ്ക്ക് ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സർവകലാശാലയ്ക്ക് സംഭവിച്ച നഷ്ടം

കണക്കാക്കുന്നതിനായി ഒരു certified valuer നെ സർവകലാശാല നിയമിച്ചു. Valuer ബാക്കി 7 ക്വാർട്ടേഴ്സുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ ചെലവ് കണക്കാക്കി valuation report സമർപ്പിച്ചു. വാല്യൂവറിന്റെ റിപ്പോർട്ടിന്റെയും, AG യുടെ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ സർവകലാശാലയുടെ ഫിനാൻസ് വിഭാഗം 3,51,44,360/- (മൂന്ന് കോടി അൻപത്തൊന്നു ലക്ഷത്തി നാൽപ്പത്തി നാലായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) രൂപ BSNL-ൽ നിന്ന് ക്ലെയിം ചെയ്യേണ്ട നഷ്ടമായി കണക്കാക്കി. BSNL ൽ നിന്ന് ക്ലെയിം ചെയ്യേണ്ട 3,51,44,360/- (മൂന്ന് കോടി അൻപത്തൊന്നു ലക്ഷത്തി നാൽപ്പത്തി നാലായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) രൂപയും ആദ്യ കരാറുകാരനിൽ നിന്ന് പെർഫോമൻസ് ഗ്യാരന്റി , സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനങ്ങളിൽ BSNL പിരിച്ചെടുത്ത തുകയും തിരിച്ചുപിടിക്കാൻ സർവകലാശാല തീരുമാനിക്കുകയും ചെയ്തു. ടി വിഷയത്തിൽ സർവകലാശാല Standing Counsel ന്റെ നിയമോപദേശം തേടിയിട്ടുണ്ട്.

16 Nos Professors Quarters ന്റെ നിർമ്മാണത്തിൽ നിന്ന് നിർമ്മാണ എജൻസിയായിരുന്ന BSNL പിൻവാങ്ങിയതിന് ശേഷം നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. UGC XIth plan, Annual Plan 2013-14 ,2014-15 എന്നിവയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത നിർമ്മാണം നടത്തിയിരുന്നത്. UGC XIth plan, വാർഷിക ഫണ്ട് എന്നിവയുടെ കാലാവധി അവസാനിക്കുകയും ചെയ്തു.

**<u>ഡോ. സിറിയക് ജോസ്</u>**

**ചോദ്യം:**

20) കോളേജ് അധ്യാപകരുടെ മറ്റ് കോളേജുകളിലെ മുൻകാല സർവീസ് പ്രൊമോഷനുവേണ്ടി പരിഗണിക്കുമോ? ഈ വിഷയത്തിൽ എം.ജി യൂണിവേഴ്സിറ്റിയുടെ നിലപാട് എന്താണ് ?

**<u>ഉത്തരം: ഡോ. എ. എസ് സുമേഷ്</u>**

യു.ജി.സി. ആറാം സ്കീമിലും ഏഴാം സ്കീമിലും അധ്യാപകരുടെ മുൻകാല സേവനം പ്ലേസ്മെന്റുകൾക്ക് പരിഗണിക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ അധ്യാപകരുടെ മുൻകാല സേവനം കണക്കാക്കി പ്ലേസ്മെന്റുകൾ നൽകേണ്ടതില്ലെന്ന് സർക്കാരിൽ നിന്നും 09.05.2024 ലെ എഫ് 3/65/2024-ഹയർ എജ്യൂക്കേഷൻ നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിരുന്നു.
എന്നാൽ യു ജി സി റെഗുലേഷൻസ് 2010, 2018 എന്നിവയിലെ ക്ലോസ് 10 വ്യവസ്ഥകൾ പ്രകാരം അധ്യാപകരുടെ മറ്റു കോളേജുകളിലെ മുൻകാല സ്ഥിരനിയമനം സ്ഥാനക്കയറ്റത്തിന് പരിഗണിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സമാന തസ്തികയിലെ

മുൻ കാല സേവനം പരിഗണിച്ച് അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റ അംഗീകാരം സർവ്വകലാശാല നൽകിയിട്ടുണ്ട് . എന്നാൽ 09.05.2024 ലെ എഫ് 3/65/2024-ഹയർ എജ്യൂക്കേഷൻ നമ്പർ സർക്കാർ നിർദേശ പ്രകാരം മുൻകാല സേവനം പരിഗണിച്ചുള്ള സ്ഥാനക്കയറ്റ അംഗീകാരം നൽകുന്നത് സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണ്. ആയതിനാൽ ടി വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേക്ക് കത്ത് അയക്കാൻ 23.08.2024 ലെ സിൻഡിക്കേറ്റ് സ്റ്റാൻന്റിംഗ് കമ്മിറ്റി- അപ്രൂവൽ തീരുമാനം കൈക്കൊണ്ടു. തദനുസരണം ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>ശ്രീ. സിബിൻ എൽദോസ്</u>**

**ചോദ്യം:**

21) നിലവിൽ Ph.D സ്കോളേഴ്സിന്റെ ഫെല്ലോഷിപ്പ് ഒന്ന്-ഒന്നര വർഷം കൂടുമ്പോഴാണ് ലഭ്യമാകുന്നത്. പക്ഷെ അത് മാസാമാസം ലഭ്യമാകുവാൻ വേണ്ടി എന്തു മാർഗ്ഗമാണ് യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുള്ളത്?

**<u>ഉത്തരം: ഡോ. ബാബു മൈക്കിൾ</u>**

സർവ്വകലാശാലാ ജൂനിയർ റിസേർച് ഫെലോഷിപ്പിന്റെ ബില്ലുകൾ കാലതാമസം ഇല്ലാതെ തന്നെ process ചെയ്തു General Cash -ലേക്ക് നൽകാറുണ്ട്. എന്നാൽ സർക്കാരിൽ നിന്നുള്ള Plan Fund ന്റെ ലഭ്യത അനുസരിച്ചു മാത്രമേ ഈ തുക അനുവദിക്കാൻ സാധിക്കുന്നുള്ളൂ. ഫെലോഷിപ് മാസാമാസം ലഭ്യമാക്കുന്നതിനായി ഓൺലൈൻ പോർട്ടൽ സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ നടന്നു വരികയാണ് .

**ഉപചോദ്യം: ശ്രീ. സിബിൻ എൽദോസ്**

ഓൺലൈൻ പോർട്ടലുമായി ബന്ധപ്പെട്ട് കുറച്ചധികം കാലങ്ങളായി നിലനിൽക്കുന്ന പ്രശ്നങ്ങൾ കാരണം കുട്ടികൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി കാണുന്നു. ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ?

**<u>ഉത്തരം: ഡോ. ബാബു മൈക്കിൾ</u>**

ഇത് പരിഹരിച്ചിട്ടുണ്ട്.

**ഉപചോദ്യം: ശ്രീ. സിബിൻ എൽദോസ്**

നിലവിൽ യൂണിവേഴ്സിറ്റിക്കകത്ത് ഗവേഷണം നടത്തുന്നവർക്കും പുറത്തുന്നുള്ളവർക്കും ഒരു ഫണ്ടിൽ നിന്നാണ് തുക നൽകുന്നത്. ഇത് രണ്ട് അക്കൗണ്ടുകൾ ആക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

രണ്ട് അക്കൗണ്ട് ആക്കുന്ന വിഷയം പരിഗണിക്കുന്നതാണ് എന്ന് അദ്ധ്യക്ഷൻ അറിയിച്ചു.

**ശ്രീ. സാബു മുകുന്ദൻ**

**ചോദ്യം:**

22) യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള സർക്കാർ സ്വയംഭരണ കോളേജിൽ പരീക്ഷാ സംബന്ധിയായ എന്തെങ്കിലും നിയമ പ്രശ്നങ്ങൾ വരുമ്പോൾ അടിയന്തിരമായി യൂണിവേഴ്സിറ്റിയിൽ ആരെയാണ് ബന്ധപ്പെടേണ്ടത് എന്ന് വ്യകതമാക്കാമോ ?

**ഉത്തരം: ഡോ. ജോജി അലക്സ്**

1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമത്തിലെ അദ്ധ്യായം IX വകുപ്പ് 114 (ii) പ്രകാരം സ്വയംഭരണ കോളേജുകളിലെ പരീക്ഷാ നടത്തിപ്പും ഫല പ്രഖ്യാപനവും പ്രസ്തുത കോളേജുകളിലെ ഭരണ സമിതിയിൽ നിക്ഷിപ്തമായതിനാൽ വിഷയം ഭരണ സമിതി മുമ്പാകെ സമർപ്പിച്ച് തീർപ്പാക്കാവുന്നതാണ്. കൂടാതെ സർവ്വകലാശാലയിൽ വൈസ് ചാൻസിലർക്ക് പരാതി നൽകാവുന്നതാണ്.

**ശ്രീ. ഉണ്ണി. എം.എസ്**

**ചോദ്യം:**

23) സർവ്വകലാശാലയിൽ പുതിയതായി നിർമ്മിക്കുന്ന സയൻസ് ബ്ലോക്കിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കും?

**ഉത്തരം: ഡോ. സെനോ ജോസ്**

കിഫ്ബി ധനസഹായത്തോടെ സർവകലാശാലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രീകൃത ലബോറട്ടറി കോംപ്ലക്സ് പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി M/s. കിറ്റ്കോ

എന്ന സ്ഥാപനത്തെയാണ് സർക്കാർ നിയോഗിച്ചിട്ടുള്ളത് . ടി പദ്ധതി 2025 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പദ്ധതിയുടെ കൺസൾട്ടന്റായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

**ശ്രീ. സുരേഷ്. എം.എസ്**

**ചോദ്യം:**

24) സർവ്വകലാശാല ജീവനക്കാരുടെ എൻ പി എസ് (എംപ്ലോയർ & എംപ്ലോയീസ്) കോൺട്രിബ്യൂഷൻ NPS അക്കൗണ്ടിലേക്ക് മാസത്തിലെ ആദ്യ അഞ്ച് ദിവസത്തിനുള്ളിൽ അടക്കുന്നുണ്ടോ? അടക്കുന്നില്ലെങ്കിൽ എന്തുകൊണ്ട്, ഇത് സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തെ വിവരങ്ങൾ ലഭ്യമാക്കുക?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി**

മഹാത്മാഗാന്ധി സർവ്വകലാശാല ജീവനക്കാരുടെ എൻ.പി.എസ് കോൺട്രിബ്യൂഷൻ എൻ.പി.എസ് അക്കൌണ്ടിലേക്ക് എല്ലാ മാസവും ആദ്യ അഞ്ചു പ്രവൃത്തി ദിവസത്തിനുള്ളിൽ അടയ്ക്കുന്നുണ്ട്. ഇത് സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Monthly wise NPS remitted for the financial year 2023-24 | |
|---|---|
| **Month** | **Amount (in Rs.)** |
| Apr-23 | 6204678.00 |
| May-23 | 6412612.00 |
| Jun-23 | 6543760.00 |
| Jul-23 | 6374088.00 |
| Aug-23 | 6568720.00 |
| Sep-23 | 6794216.00 |
| Oct-23 | 6607364.00 |
| Nov-23 | 7057746.00 |
| Dec-23 | 6951778.00 |
| Jan-24 | 6938356.00 |
| Feb-24 | 7163080.00 |

| | |
|---|---|
| Mar-24 | 6975412.00 |

**ഡോ. സജ്ജു മാത്യു**

**ചോദ്യം:**

25) എം.ജി സർവ്വകലാശാലയിൽ അക്കാദമിക് സ്റ്റാഫ് കോളേജ് തുടങ്ങുന്നതിന്റെ ഭാഗമായി സർവ്വകലാശാല ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാൻ കഴിയുമോ?

**ഉത്തരം: ശ്രീ. അരുൺ കെ. ശശീന്ദ്രൻ**

അക്കാദമിക് സ്റ്റാഫ് കോളേജ് തുടങ്ങുന്നതിന്റെ ഭാഗമായി സർവ്വകലാശാല നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

**പ്രൊഫ.(ഡോ). ഐസൺ വി. വഞ്ചിപുരയ്ക്കൽ**

**ചോദ്യം:**

26) Are the senior most teachers in language departments, which do not conduct UG or PG programmes, members of council?

**ഉത്തരം: അഡ്വ. പി.ബി. സതീഷ് കുമാർ**

ഇത് സംബന്ധിച്ച് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രത്യേക പരാമർശമില്ല.

**ഉപചോദ്യം: പ്രൊഫ.(ഡോ). ഐസൺ വി. വഞ്ചിപുരയ്ക്കൽ**

കൗൺസിൽ -ന്റെ കോൺസ്റ്റിറ്റ്യൂഷനുമായി ബന്ധപ്പെട്ട് ഒരു ഗവൺമെന്റ് ഓർഡർ ഉണ്ട്. അത് ഇംപ്ലിമെന്റ് ചെയ്യാൻ കോളേജിന് നിർദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. ശരിക്കും സ്റ്റാറ്റ്യൂട്ട് പ്രകാരമാണോ അതോ ഗവൺമെന്റ് ഓർഡർ പ്രകാരമാണോ നീങ്ങേണ്ടത് ?

**ഉത്തരം: ശ്രീ. ഹരികൃഷണൻ പി.**

സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പരാമർശിച്ചിരിക്കുന്നപോലെയാണ് അഫിലിയേറ്റ് കോളേജിൽ സ്റ്റാറ്റ്യൂട്ടറി കൗൺസിൽ കോൺസ്റ്റിട്യൂട്ട് ചെയ്യേണ്ടത്. സർക്കാർ ഉത്തരവുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ മാത്രമേ അത് കോളേജുകൾക്ക് ബാധകമാകുകയുള്ളൂ. ഏതാണോ അഫിലിയേറ്റഡ് യൂണിവേഴ്സിറ്റി അതിന്റെ സ്റ്റാറ്റ്യൂട്ട് പ്രകാരമാണ് അഫിലിയേറ്റഡ് കോളേജുകളിൽ സ്റ്റാറ്റ്യൂട്ടറി കൗൺസിൽ കോൺസ്റ്റിട്യൂട്ട് ചെയ്തിട്ടുള്ളത്. എയ്ഡഡ് കോളേജുകളെ സംബന്ധിച്ചിടത്തോളം സർവ്വകലാശാല നിയമങ്ങൾക്കാണ് പ്രാബല്യത .

**ശ്രീ. സജി തോമസ്**

**ചോദ്യം:**

27) 2024 -25 വർഷത്തെ അഫിലിയേറ്റഡ് കോളേജുകളിലെ ആകെ വിദ്യാർത്ഥി സീറ്റുകൾ എത്ര?

**ഉത്തരം: അഡ്വ. പി.ബി. സതീഷ് കുമാർ**

**2**024-25 വർഷത്തെ അഫിലിയേറ്റഡ് കോളേജുകളിലെ ആകെ വിദ്യാർത്ഥി സീറ്റുകളുടെ എണ്ണം - **72950.**

**ശ്രീ. സിബിൻ എൽദോസ്**

**ചോദ്യം:**

28) മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഒരു ഡിപ്പാർട്ട്മെൻറാണ് School of Indian Legal Thought. അവിടുത്തെ വിദ്യാർത്ഥികൾ നേരിടുന്ന വലിയ പ്രശ്നമാണ് ഹോസ്റ്റലുമായി ബന്ധപ്പെട്ട്. സർവ്വകലാശാലക്കുള്ളിലെ ഹോസ്റ്റലിൽ SILT-ലെ വിദ്യാർത്ഥികളെ താമസിപ്പിക്കുന്നതിനായിട്ട് വലിയ പോരായ്മ നിലനിൽക്കുന്നുണ്ട്. ഇത് മറികടക്കുന്നതിനാവശ്യമായ നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി.**

School of Indian Legal Thought-ലെ പി ജി ഹോസ്റ്റൽ അഡ്മിഷന്റെ അന്തിമ മുൻഗണന പട്ടിക പ്രകാരം 11 വിദ്യാർത്ഥികളാണ് ഹോസ്റ്റൽ പ്രവേശനത്തിന് ആവശ്യപ്പെട്ടിട്ടുള്ളത് അതിൽ 8

വിദ്യാർത്ഥിനികളും 3 വിദ്യാർത്ഥികളും ഉൾപ്പെടുന്നു .ഇതിൽ 7 വിദ്യാർഥിനികൾക്ക് ഹോസ്റ്റൽ പ്രവേശനം ലഭിക്കുകയും ഒരാൾക്ക് ആവശ്യമില്ല എന്ന് അറിയിക്കുകയും ചെയ്തു .അപേക്ഷിച്ച 3 വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ ലഭിക്കുകയും ചെയ്തു. ആകെ 11 പേരിൽ 9 പേർക്ക് ഹോസ്റ്റൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. ഗവേഷക വിദ്യാർത്ഥികളുടെ കാര്യത്തിനാണെങ്കിൽ അപേക്ഷകൾ ലഭിക്കുന്നത് വളരെ വിരളമാണ്. ഹോസ്റ്റൽ മുറികൾ ഒഴിവു വരുന്ന മുറയ്ക്ക് മറ്റെല്ലാ ഡിപ്പാർട്മെന്റിനെ പോലെ തന്നെ ടി ഡിപ്പാർട്മെന്റിനെയും പരിഗണിക്കുന്നുണ്ട്.

**ഉപചോദ്യം: ശ്രീ. സിബിൻ എൽദോസ്**

തന്നിരിക്കുന്ന കണക്ക് തെറ്റാണ് തെറ്റ് തിരുത്താൻ എന്ത് നടപടിയാണ് യൂണിവേഴ്സിറ്റി സ്വീകരിക്കുന്നത്?

**<u>ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി.</u>**

അന്വേഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**<u>ഡോ. സനിൽകുമാർ എം ജി</u>**

**ചോദ്യം:**

29) സർവ്വകലാശാലയുടെ Research Portal സമയബന്ധിതമായി നവീകരിക്കുവാൻ വേണ്ട നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ? വിവരിക്കാമോ ?

**<u>ഉത്തരം: ഡോ. ബാബു മൈക്കിൾ</u>**

Research Online പോർട്ടലിന്റെ വർക്കുകൾ 2022 - ൽ ആരംഭിച്ചു. ഓഫ്‌ലൈൻ ആയി സ്വീകരിച്ചുകൊണ്ടിരുന്ന ആപ്പ്ളിക്കേഷനുകൾ 2023 വർഷം മുതൽ റിസേർച്ച് പോർട്ടലിലൂടെ ഓൺലൈനായി സ്വീകരിച്ച് തുടങ്ങി. വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, ഡോക്ടറൽ കമ്മിറ്റി, PhD എൻട്രൻസ് എക്സാമിനേഷൻ, കോഴ്സ് വർക്ക് എക്സാമിനേഷൻ, TR ജനറേഷൻ, ഹാൾ ടിക്കറ്റ് ജനറേഷൻ, നോമിനൽ റോൾ ജനറേഷൻ, ഗ്രേഡ് കാർഡ് ജനറേഷൻ മുതലായവ നിലവിൽ researchonline.mgu.ac.in എന്ന വെബ്സൈറ്റ് വഴിയാണ് നടന്നുകൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികളുടെ ആപ്ലിക്കേഷനുകൾ, ആക്ടിവിറ്റീസ്, റീവാലുവേഷൻ മാർക്ക് എൻട്രി, തീസിസ് ട്രാക്കിംഗ് മുതലായവയുടെ ഡെവലെപ്മെന്റുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ പോർട്ടലിൽ 2016 മുതലുള്ള വിദ്യാർത്ഥികളുടെ ഡാറ്റ ലഭ്യമാണ്.

**ഉപചോദ്യം: ഡോ. സനിൽകുമാർ എം.ജി**

യൂസർ ഫ്രണ്ടിലി ആക്കാൻ എന്തു നടപടി സ്വീകരിക്കും?

**ഉത്തരം:  ഡോ. ബാബു മൈക്കിൾ**

ഇത് സംബന്ധിച്ച്  വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**ഡോ. സിറിയക് ജോസ്**

**ചോദ്യം:**

30) 2024 ജൂൺ മാസം മുതൽ ഇതുവരെ എത്ര പരീക്ഷ ക്യാമ്പുകൾ നടത്തി? എത്ര അധ്യയന ദിവസങ്ങൾ പരീക്ഷാ ക്യാമ്പുകൾ നടത്തുന്നതിനുവേണ്ടി  ഉപയോഗിച്ചു?

**ഉത്തരം:  ഡോ. ജോജി അലക്സ്**

സർവ്വകലാശാലയുടെ വിവിധ യു.ജി/പി.ജി. പരീക്ഷകളുടെ മൂല്യനിർണ്ണയം 9 മേഖല മൂല്യനിർണ്ണയ ക്യാമ്പുകളിലായും, LLB/LLM പരീക്ഷകളുടെ മൂല്യനിർണ്ണയം 2 മൂല്യനിർണ്ണയ ക്യാമ്പുകളിലായും, ബി.എഡ് പരീക്ഷകളുടെ മൂല്യനിർണ്ണയം 2 മൂല്യനിർണ്ണയ ക്യാമ്പുകളിലുമായാണ് നടന്നുവരുന്നത് . 2024 ജൂൺ മാസം മുതൽ ഇതുവരെ വിവിധ യു.ജി / പി.ജി. പരീക്ഷകളുടെ 9 മേഖല മൂല്യനിർണ്ണയ ക്യാമ്പുകളിലായി 19 പരീക്ഷാ ക്യാമ്പുകളും, LLB / LLM പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളിലായി 14 പരീക്ഷാ ക്യാമ്പുകളും, ബി.എഡ് പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളിലായി 2 പരീക്ഷാ ക്യാമ്പുകളും നടത്തിയിട്ടുണ്ട് . മേൽ സൂചിപ്പിച്ചിരിക്കുന്ന പരീക്ഷാ ക്യാമ്പുകൾ നടത്തുന്നതിനായി 2024 ജൂൺ മാസം മുതൽ ഇതുവരെ ലോ കോളേജുകളുടെ 13 ദിവസവും, ആർട്സ് & സയൻസ് കോളേജുകളുടെ 4 ദിവസവും ക്ലാസുകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

**ഉപചോദ്യം: ഡോ. സിറിയക് ജോസ്**

പി.ജി വാല്യൂവേഷനുമായി ബന്ധപ്പെട്ട് 35 പേപ്പറിനു ഒരു ഡ്യൂട്ടി ലീവാണ് കണക്കാക്കുന്നത്. ഇത് ഇവിടെ ഡിസൈൻ ചെയ്യുന്നതാണോ?

**<u>ഉത്തരം:  ഡോ. ജോജി അലക്സ്</u>**

ഒരു ദിവസം അദ്ധ്യാപകർ ക്യാമ്പിൽ പങ്കെടുത്തശേഷം പേപ്പറുമായി പോയിക്കഴിഞ്ഞാൽ മുപ്പത് മുപ്പത്തിയഞ്ച് പേപ്പറിൽ കൂടുതലാണെങ്കിൽ ഒരു ദിവസം വീട്ടിലിരുന്നു നോക്കുന്ന സൗകര്യത്തിനാണ് ഒരു ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിക്കുന്നത്.

**<u>ഡോ. ലിബൂസ് ജേക്കബ് എബ്രഹാം</u>**

**ചോദ്യം:**

31) CBCS - സമ്പ്രദായം അനുസരിച്ച് 2024-25 അക്കാദമിക വർഷം രണ്ടും, മൂന്നും വർഷം പഠിക്കുന്ന ബിരുദവിദ്യാർത്ഥികൾ ഇയർബാക്ക് ആകുന്ന പക്ഷം ഉണ്ടാകുന്ന വൈഷമ്യം പരിഹരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

**<u>ഉത്തരം:  ഡോ. സുജ റ്റി. വി</u>**

2024-25 അക്കാഡമിക് വർഷം രണ്ടും, മൂന്നും വർഷം പഠിക്കുന്ന ബിരുദ വിദ്യാർഥികൾക്ക് ബാധകമാകുന്ന  CBCS 2017 റെഗുലേഷൻസ് അനുച്ഛേദം 16.1 പ്രകാരം, ഹാജരില്ലായ്മ മൂലമോ, മറ്റേതെങ്കിലും കാരണത്താലോ പ്രോഗ്രാം ഡിസ്കണ്ടിന്യൂ  ആകുന്ന വിദ്യാർത്ഥിക്ക് റീ അഡ്മിഷൻ എടുത്തതിന് ശേഷം തൊട്ടടുത്ത ബാച്ചിനോടൊപ്പം പ്രോഗ്രാം പൂർത്തിയാക്കാവുന്നതാണ് . നിലവിൽ സർവകലാശാലയിൽ നടന്നുവരുന്ന ബിരുദ പ്രോഗ്രാമുകളുടെ സെമെസ്റ്റർ/ബാച്ച് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഒന്നാം സെമസ്റ്റർ | 2024 അഡ്മിഷൻ ബാച്ച് (എം ജി യു - യു ജി പി റെഗുലേഷൻ) |
| രണ്ടാം സെമസ്റ്റർ | നിലവിൽ ബാച്ച് ഇല്ല |
| മൂന്നാം സെമസ്റ്റർ | 2023 അഡ്മിഷൻ ബാച്ച് (സിബിസിഎസ് 2017 റെഗുലേഷൻ) |
| നാലാം സെമസ്റ്റർ | നിലവിൽ ബാച്ച് ഇല്ല |

| | |
|---|---|
| അഞ്ചാം സെമസ്റ്റർ | 2022 അഡ്മിഷൻ ബാച്ച് (സിബിസിഎസ് 2017 റെഗുലേഷൻ) |
| ആറാം സെമസ്റ്റർ | നിലവിൽ ബാച്ച് ഇല്ല |

മേൽപ്രകാരം, 2024-25 അക്കാഡമിക് വർഷം രണ്ടും, മൂന്നും വർഷം പഠിക്കുന്ന ബിരുദ വിദ്യാർഥികൾക്ക് (യഥാക്രമം 2023 അഡ്മിഷൻ, 2022 അഡ്മിഷൻ) ഇയർബാക്ക് ആകുന്ന പക്ഷം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തൊട്ടടുത്ത ബാച്ചിനോടൊപ്പം റീ അഡ്മിഷൻ എടുത്ത് പ്രോഗ്രാം പൂർത്തിയാക്കാവുന്നതാണ്.

| **റീ-അഡ്മിഷൻ ആവശ്യമായ സെമസ്റ്റർ** | **റീ-അഡ്മിഷൻ സാധ്യമായ സെമസ്റ്റർ** |
|---|---|
| 2023 അഡ്മിഷൻ -മൂന്നാം സെമസ്റ്റർ | 2024 അഡ്മിഷൻ വിദ്യാർഥികൾമൂന്നാം സെമസ്റ്ററിൽ എത്തുമ്പോൾ. [*MGU-UGP റെഗുലേഷൻസിലെ റീ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ രൂപീകൃതമാകുന്ന മുറയ്ക്ക് അതിന് വിധേയമായി മാത്രം*]* |
| 2023 അഡ്മിഷൻ -നാലാം സെമസ്റ്റർ | 2024 അഡ്മിഷൻ വിദ്യാർഥികൾ നാലാം സെമസ്റ്ററിൽ എത്തുമ്പോൾ. [*MGU-UGP റെഗുലേഷൻസിലെ റീ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ രൂപീകൃതമാകുന്ന മുറയ്ക്ക് അതിന് വിധേയമായി മാത്രം*]* |
| 2022 അഡ്മിഷൻ -അഞ്ചാം സെമസ്റ്റർ | 2023 അഡ്മിഷൻ വിദ്യാർഥികൾ അഞ്ചാം സെമസ്റ്ററിൽ എത്തുമ്പോൾ |
| 2022 അഡ്മിഷൻ -ആറാം സെമസ്റ്റർ | 2023 അഡ്മിഷൻ വിദ്യാർഥികൾ ആറാം സെമസ്റ്ററിൽ എത്തുമ്പോൾ |

*നിലവിൽ സർവ്വകലാശാലയിൽ 2024 അക്കാഡമിക് വർഷം മുതൽ നടപ്പിലാക്കിയിട്ടുള്ള നാലുവർഷ ബിരുദത്തിന്റെ (MGU-UGP Honours) റെഗുലേഷനിൽ റീ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ/ മാർഗ്ഗനിർദേശങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയവ രൂപീകരിക്കേണ്ടതിന്റെ ആവശ്യം സംബന്ധിച്ച വിഷയം അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ശ്രീമതി. മായ . എൻ**

**ചോദ്യം:**

32) സർവ്വകലാശാല വിദ്യാർത്ഥികൾക്ക് നടപ്പിലാക്കിയ ഇൻഷുറൻസ് പദ്ധതി കഴിഞ്ഞ വർഷം എത്ര കുട്ടികൾക്ക് പ്രയോജനപ്പെട്ടു? എത്ര തുക ചെലവഴിച്ചു?

**ഉത്തരം: ശ്രീ. അമൽ എബ്രഹാം**

2023-'24 അധ്യയനവർഷം മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമായ മുറക്ക് വിവിധ ഘട്ടങ്ങളായി 1,36,968 വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കി 26,02392/ - രൂപ (ഇരുപത്തിയാറ് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) ഇൻഷുറൻസ് കമ്പനിക്ക് കൈമാറിയിരുന്നു.

i. മരണപ്പെട്ട 6 വിദ്യാർത്ഥികൾക്ക് ഓരോ വിദ്യാർത്ഥിക്കും 100000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) വീതം 6,00,000/- രൂപയും (ആറ് ലക്ഷം രൂപ മാത്രം)
ii. മറ്റ് അപകടങ്ങളിൽ നിന്നുമായി 1,29,194/ - (ഒരു ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം ) രൂപയും ഉൾപ്പടെ ആകെ 7,29,194/- രൂപ (ഏഴ് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) ക്ലെയിം ഇനത്തിൽ 13 വിദ്യാർത്ഥികൾക്കായി നൽകിയിട്ടുണ്ട് . ഇൻഷുറൻസ് പോളിസി കാലയളവിൽ നടന്ന അപകടങ്ങൾക്കുള്ള മറ്റ് ക്ലെയിമുകളുടെ നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇൻഷുറൻസ് ക്ലെയിം തുക അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതാണ്.

**ഉപചോദ്യം: ശ്രീമതി. മായ . എൻ**

മരണമടഞ്ഞ കുട്ടികൾക്ക് ക്ലെയിം തുക കൂട്ടാനുള്ള നടപടി സ്വീകരിക്കാമോ?

**ഉത്തരം: ശ്രീ. അമൽ എബ്രഹാം**

തുക കൂട്ടാനുള്ള ഒരു പ്രോപ്പോസൽ വന്നിട്ടുണ്ട് . ആയത് പരിഗണിക്കുന്നതാണ് .

**പ്രൊഫ.(ഡോ). ഐസൺ വി. വഞ്ചിപുരയ്ക്കൽ**

**ചോദ്യം:**

33) What is the term of office of the college council?

**ഉത്തരം: അഡ്വ. പി.ബി. സതീഷ് കുമാർ**

ഇത് സംബന്ധിച്ച് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രത്യേക പരാമർശമില്ല.

**ഉപചോദ്യം: പ്രൊഫ.(ഡോ). ഐസൺ വി. വഞ്ചിപുരയ്ക്കൽ**

സ്റ്റാറ്റ്യൂട്ടറിയുടെ കൗൺസിലുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക് ഒരു വ്യക്തത വരുത്തുവാൻ സാധിക്കുമോ ?

**ഉത്തരം: അഡ്വ. പി.ബി. സതീഷ് കുമാർ**

സ്റ്റാറ്റ്യൂട്ട് പരിഷ്കരിക്കുന്നതിമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും .

**ശ്രീ. സുരേഷ്. എം.എസ്**

**ചോദ്യം:**

34) MGUIF വഴി എത്ര സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ സാധിച്ചിട്ടുണ്ട്, ഇവയിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ട്, MGUIF-ന് ഇതുവരെ എത്ര രൂപ വിവിധ പ്രൊജക്ടുകൾക്കായി സർവ്വകലാശാല ഫണ്ടിൽ (പ്ലാൻ & നോൺ പ്ലാൻ) നിന്നും നൽകിയിട്ടുണ്ട്, ഏതൊക്കെ പ്രൊജക്ടുകൾക്ക്? സർവ്വകലാശാലയ്ക്ക് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്നും പ്രൊജക്ടുകൾ MGUIF ചെയ്യുന്നുണ്ടോ?

**ഉത്തരം: ഡോ. സെനോ ജോസ്**

Ideation Stage, Prototype development തുടങ്ങിയ Preincubation പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ, Commercialisation സ്റ്റേജിലേക്കെത്തിയ (incubation Phase) പത്തൊമ്പത് സ്റ്റാർട്ടപ്പുകൾ MGUIF വഴി പ്രവർത്തിക്കുന്നുണ്ട്. പത്തൊമ്പത് സ്റ്റാർട്ടപ്പുകളും നിലവിൽ ഉല്പാദനസേവന പ്രവർത്തനങ്ങൾ നടത്തി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്.

MGUIF RUSA – 2.0 പ്രൊജക്റ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം Companies Act 2013 പ്രകാരം രൂപീകരിക്കപ്പെട്ടുള്ളതിനാൽ സർവ്വകലാശാല ബജറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, സർവ്വകലാശാല ഫണ്ടിൽ (പ്ലാൻ &നോൺ പ്ലാൻ )ഇനത്തിൽ പണമൊന്നും കൈപ്പറ്റിയിട്ടില്ലാത്തതുമാണ്.
MGUIF ന് കീഴിലുള്ള സ്റ്റാർട്ടപ്പുകൾ വിവിധരാജ്യങ്ങളിൽ പ്രൊജെക്റ്റുകൾ ചെയ്യുന്നതിനോടൊപ്പം ഉയർന്ന Turnover നേടിയിട്ടുള്ളതും, വിവിധങ്ങളായ പേറ്റന്റുകളും അവാർഡുകളും, IIT കൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും, വിവിധ ഗവൺമെന്റ് ഏജൻസികളിൽ നിന്നും ഗ്രാന്റുകൾ കരസ്ഥമാക്കിയിട്ടുള്ളതാണ്.
സ്വന്തം പ്രവർത്തനങ്ങളിലൂടെ പ്രവർത്തന മൂലധനം സംഭരിച്ച് പ്രവർത്തിക്കേണ്ട Innovation Ecosystem എന്ന നിലയിൽ പ്രവർത്തിക്കുന്ന MGUIF, അതിനായി വിവിധ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും, മറ്റ് R&D സ്ഥാപനങ്ങൾക്കും വിവിധ നൂതന സേവനങ്ങൾ നല്കുന്നതിനുള്ള ചർച്ചകൾ നടത്തിവരുന്നു.

**ഡോ. സജ്ജ മാത്യൂ**

**ചോദ്യം:**

35) നാലു വർഷ ബിരുദം നടപ്പിലാക്കിയതിന്റെ ഭാഗമായി ഭാഷാവിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എം.ജി സർവ്വകലാശാല ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

**ഉത്തരം: ഡോ. സുജ റ്റി. വി.**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകളിൽ 2024-2025 അദ്ധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുള്ള ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്കായുള്ള The MGU-UGP (Honours) Regulations, 2024, തയ്യാർ ചെയ്തിട്ടുള്ളത് ഭാഷാ വിഷയങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകിക്കൊണ്ടാണ്.
വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയിലും മറ്റ് ഭാഷാ വിഷയങ്ങളിലും പ്രാവീണ്യം നേടുന്നതിനായി AEC (Eng), AEC (Other Language) (വിദ്യാർത്ഥികളുടെ ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്നത്) എന്നിങ്ങനെ Ability Enhancement Courses റഗുലേഷൻസ് അനുശാസിക്കുന്ന എല്ലാ pathway-കളിലും ഒന്നും രണ്ടും സെമസ്റ്ററുകളിൽ നിർബന്ധമാക്കിയിട്ടുണ്ട്. മാത്രമല്ല മൂന്ന്, നാല് സെമസ്റ്ററുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന Multi-Disciplinary Courses (MDC), Skill Enhancement Courses (SEC), Value Addition Courses (VAC) എന്നിവ Discipline Specific Course -ൽ നിന്നാകരുതെന്നും, നിലവിലുള്ള Language Workload സംരക്ഷിക്കുന്നതിനായി മൂന്നും, നാലും സെമസ്റ്ററുകളിൽ MDC, SEC, VAC ഇവ

തെരഞ്ഞെടുക്കുമ്പോൾ ഭാഷാ വിഭാഗം തയ്യാർ ചെയ്ത അത്തരം കോഴ്സുകൾക്ക് മുൻഗണന നൽകുന്നതിന് കോളേജുകൾ ശ്രദ്ധിക്കണമെന്നും, മൂന്നാം സെമസ്റ്ററിലെ MDC, Kerala Specific Content ആകാവുന്നതാണെന്നുമുള്ള നിർദ്ദേശങ്ങൾ റഗുലേഷൻസിൽ ഉൾപ്പെടുത്തിയിരിക്കുന്നു.ഇത്തരത്തിൽ ഭാഷാവിഷയങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകി The MGU-UGP (Honours) Regulations, 2024, തയ്യാർ ചെയ്യുകയും അതിന് അനുസൃതമായി സിലബസുകൾ രൂപീകരിച്ച് കോളേജുകളിൽ അദ്ധ്യയനം നടന്നുവരികയും ചെയ്യുന്നു . പ്രസ്തുത വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്ക് പ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയില്ലാത്ത തരത്തിലാണ് സർവ്വകലാശാല, നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

**ഉപചോദ്യം: ഡോ. സജ്ഞ മാത്യു**

രണ്ടാം വർഷം ഏതെങ്കിലും ഒരു കോഴ്സ് വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാമെങ്കിലും അത് ഭാഷാ വിഷയമോ സാഹിത്യ പഠനമോ ആകണമെന്ന നിബന്ധന മറ്റ് സർവ്വകലാശാലകളിൽ ഉണ്ട്. എം ജി സർവ്വകലാശാലയിൽ നടപ്പാക്കുമോ?

**<u>ഉത്തരം: ഡോ. സുജ റ്റി. വി.</u>**

യു ജി സി യുടെ നിർദ്ദേശ പ്രകാരം മാത്രമേ പോളിസി ലെവലിൽ മാറ്റം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ.

**<u>ഡോ. മഞ്ജുഷ കെ എ</u>**

**ചോദ്യം:**

36) മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ക്യാമ്പസിൽ നടന്നു വരുന്ന FYUGP വിദ്യാർത്ഥികൾക്കായി നിലവിൽ താത്ക്കാലികമായി ഹോസ്റ്റലും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടല്ലോ. അടുത്ത വർഷം കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്ന മുറയ്ക്ക് ടി വിഷയവുമായി ബന്ധപ്പെട്ട് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്?

**<u>ഉത്തരം: ശ്രീ. ഹരികൃഷ്ണൻ പി.</u>**

ഇത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല വേണ്ട കൂടിയാലോചനകൾക്ക് ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് .

**<u>ശ്രീ. റ്റിറ്റു തോമസ്</u>**

**ചോദ്യം:**

37) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഈ വർഷം PSC വഴി നിയമനം നേടിയ അനധ്യാപകരുടെ എണ്ണം വിശദമാക്കാമോ?

**<u>ഉത്തരം: അഡ്വ. റെജി സക്കറിയ</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഈ വർഷം PSC വഴി **73** അനധ്യാപക തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്.

| തസ്തിക | എണ്ണം |
|---|---|
| University engineer | 1 |
| Assistant engineer (Civil) | 1 |
| Programmer | 1 |
| Electrician | 4 |
| Assistant | 55 |
| Computer Assistant | 11 |
| **Total** | **73** |

**<u>ശ്രീ. റ്റിറ്റു തോമസ്</u>**

**ചോദ്യം:**

38) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പുതുതായി ആരംഭിച്ച ഗ്രാജ്യൂവേറ്റ് സ്കൂളുകളിൽ നിയമിക്കപ്പെട്ട ഗസ്റ്റ് അധ്യാപകരുടെ എണ്ണം വിശദമാക്കാമോ?

**<u>ഉത്തരം: അഡ്വ. റെജി സക്കറിയ</u>**

7 വിഷയങ്ങളിൽ അധ്യാപകർക്കായി അഭിമുഖം നടത്തിയിരുന്നു. ഓരോ അധ്യാപകരെ വീതം 7 വിഷയങ്ങളിലായി തിരഞ്ഞെടുക്കുകയും അവർക്ക് മെമോ കിട്ടി 15 ദിവസത്തിനകം ജോയിൻ ചെയ്യണം എന്ന വ്യവസ്ഥയിൽ ജോയിൻ മെമോ അയക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 4 അധ്യാപകർ ജോയിൻ ചെയ്തിട്ടുണ്ട്.

**ഉപചോദ്യം: ശ്രീ. റ്റിറ്റു തോമസ്**

നാല് അദ്ധ്യാപകരാണ് ജോയിൻ ചെയ്തത്, പഠന പ്രക്രിയ തടസപ്പെടാതിരിക്കാൻ എന്തു നടപടി സ്വീകരിക്കും?

**<u>ഉത്തരം: അഡ്വ. റെജി സക്കറിയ</u>**

ഇതുവരെയും പഠന പ്രക്രിയ തടസ്സപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല.

**<u>ഡോ. ഷിബു എം ജോർജ്</u>**

**ചോദ്യം:**

39) സർവ്വകലാശാലയിൽ സ്ഥിരം ഗവേഷണത്തിന് രജിസ്റ്റർ ചെയ്തിട്ടുള്ള ഗവേഷകർക്കു നൽകിവരുന്ന യൂണിവേഴ്സിറ്റി ഫെലോഷിപ്പിനെ സംബന്ധിച്ച സ്ഥിതി വിവരണ കണക്കുകൾ ലഭ്യമാണോ. 2023-24 അക്കാദമിക വർഷം വിതരണം ചെയ്ത ഫെലോഷിപ്പ് തുക ഇവിടെ ലഭ്യമാക്കുക.

**<u>ഉത്തരം: ഡോ. ബാബു മൈക്കിൾ</u>**

മറ്റു ഫെലോഷിപ്പുകളൊന്നും ലഭിക്കാത്ത സ്ഥിരം ഗവേഷകർക്ക് സർവകലാശാല വിതരണം ചെയ്യുന്ന സർവകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു .

| Financial year | Budget Estimate(Rs) | Amount Distributed(Rs) |
|---|---|---|

| | | |
|---|---|---|
| 2023-24 | 4,50,00,000 | 4,14,80,873 |
| 2022-23 | 3,00,00,000 | 2,99,86,560 |
| 2021-22 | 3,50,00,000 | 60,42,933 |
| 2020-21 | 1,26,00,000 | 3,00,01,733 |

2023 -24 സാമ്പത്തിക വർഷത്തിൽ 4,14,80,873/(നാലു കോടി പതിനാലുലക്ഷത്തി എൺപതിനായിരത്തി എണ്ണൂറ്റിഎഴുപത്തിമൂന്നു രൂപ മാത്രം) രൂപയുടെ ബില്ലുകളാണ് ഫിനാൻസ് വിഭാഗത്തിലേക്ക് കൈമാറിയിട്ടുള്ളത്.

**ഡോ. ഷിബു എം ജോർജ്**

**ചോദ്യം:**

40) 2024-2025 അക്കാദമിക് വർഷം യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച ഗ്രാജുവേറ്റ് സ്കൂളിൽ പഠന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചതിന്റെ കണക്കുകൾ ലഭ്യമാക്കുക.

**ഉത്തരം: ഡോ. സുജ റ്റി. വി.**

| NO. | Programme | Specialisation | Admitted Count |
|---|---|---|---|
| 1 | Four Plus One year Integrated Programme in Bioscience | Biochemistry | 2 |
| 2 | Four Plus One year Integrated Programme in Bioscience | Biotechnology | 2 |
| 3 | Four Plus One year Integrated Programme in Bioscience | Microbiology | 2 |
| 4 | Four Plus One year Integrated Programme in Chemistry | Nil | 6 |

| | | | |
|---|---|---|---|
| 5 | Four Plus One year Integrated Programme in Computer Science | Nil | 6 |
| 6 | Four Plus One year Integrated Programme in Development Studies | Nil | 1 |
| 7 | Four Plus One year Integrated Programme in Environmental Science | Nil | |
| 8 | Four Plus One year Integrated Programme in Gandhian Studies | Nil | 3 |
| 9 | Four Plus One year Integrated Programme in History | Nil | 8 |
| 10 | Four Plus One year Integrated Programme in International Relations and Politics | Nil | 9 |
| 11 | Four Plus One year Integrated Programme in Physics | Nil | 6 |

**ഉപചോദ്യം: ഡോ. ഷിബു എം ജോർജ്**

2025-2026 വർഷത്തിൽ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം: ഡോ. സുജ റ്റി. വി.</u>**

അടുത്ത വർഷത്തിൽ സ്റ്റൈപ്പന്റ് കൂട്ടുന്നതായിരിക്കും.

11.13 ന് ചോദ്യോത്തരങ്ങൾ അവസാനിക്കുകയും തുടർന്ന് ഡോ . നൗഷാദ് പി പി, ശ്രീ. സുരേഷ് എം. എസ് എന്നിവരുടെ രണ്ട് അടിയന്തിര പ്രമേയം ലഭിച്ചിട്ടുള്ളതായി അധ്യക്ഷൻ സഭയെ അറിയിച്ചു. എന്നാൽ ശ്രീ. സുരേഷ് എം. എസ് തന്റെ അടിയന്തിര പ്രമേയം പിൻവലിക്കുന്നതായി സഭയെ അറിയിച്ചു. ശേഷം ഡോ. നൗഷാദ് പി. പി - യെ തന്റെ പ്രമേയം അവതരിപ്പിക്കുന്നതിനും സഭയുടെ മതിയായ പിൻതുണ തേടുന്നതിനുമായി അധ്യക്ഷൻ ക്ഷണിക്കുകയും മതിയായ പിന്തുണ ലഭിച്ചതിനെ തുടർന്ന് അവതാരകൻ അടിയന്തിര പ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

## അടിയന്തിര പ്രമേയം

**അവതാരകൻ: ഡോ. നൗഷാദ് പി. പി**
**അനുവാദകൻ: ഡോ. ലിബിൻ കുര്യാക്കോസ്**

**പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി അധ്യാപക വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റങ്ങളാണ് NCTE നിർദ്ദേശിച്ചിരിക്കുന്നത്. ഇതനുസരിച്ച് നിലവിലെ 2 വർഷ B.Ed പ്രോഗ്രാമുകൾ നിർത്തി പകരം 4 വർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എജ്യൂക്കേഷൻ (ITEP) പ്രോഗ്രാമുകൾ ആരംഭിക്കുകയും ഈ ITEP മൾട്ടി ഡിസിപ്ലിനറി സ്ഥാപനങ്ങളിൽ മാത്രം നടത്താനുമാണ് NCTE തീരുമാനിച്ചിരിക്കുന്നത്. ഇത് കേരളത്തിലെ 300 ഓളം B.Ed കോളേജുകളുടെയും അത്രതന്നെ D.Ed സെന്ററുകളുടെയും അടച്ചുപൂട്ടലിന് വഴിവെയ്ക്കും. ആയതിനാൽ നിലവിലെ 2 വർഷ അധ്യാപക വിദ്യാഭ്യാസ പ്രോഗ്രാമുകളും കോളേജികളും നിലനിർത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.**

2020 -ലെ നാഷണൽ എജ്യൂക്കേഷൻ പോളിസി, പേജ് നമ്പർ 42 മുതലാണ് ടീച്ചർ എജുക്കേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്. പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങളാണ് നാഷണൽ എജുക്കേഷൻ ടീച്ചർ എജുക്കേഷനുമായി ബന്ധപ്പെട്ട് മുന്നോട്ടുവയ്ക്കുന്നത്. ഒന്ന് 2030 -തോടുകൂടി ഇന്ത്യയിലെ എല്ലാ അധ്യാപക വിദ്യാഭ്യാസ കേന്ദ്രങ്ങളും ഇന്റഗ്രേറ്റഡ് എഡ്യൂക്കേഷൻ പ്രോഗ്രാമിലേക്ക് മാറേണ്ടതുണ്ട്(ITEP). ഈ ഇന്റർ ഗ്രേറ്റഡ് പ്രോഗ്രാം എന്ന് പറയുമ്പോൾ നാലുവർഷത്തെ ഡ്യൂവൽ മേജർ ഒരു മേജർ ലിബറൽ ആർട്സ് ആൻഡ് സയൻസ് വിഷയത്തിൽ നിന്നും ഒരു മേജർ എജുക്കേഷൻ അഥവാ പെഡഗോജി വിഷയവുമായാണ് എടുക്കേണ്ടത്. രണ്ടാമത്തെ നിർദേശം എന്നു പറയുന്നത് നിലവിൽ ഇന്ത്യയിൽ 15000 ത്തോളം ടീച്ചർ എജുക്കേഷൻ ഇൻസ്റ്റ്യൂഷൻസ് ഉണ്ട്. ഈ സ്ഥാപനങ്ങളെല്ലാം സ്റ്റാൻഡ് അലോൺ ഇൻസ്റ്റ്യൂഷൻസ് ആണ്. അതായത് എഡ്യൂക്കേഷൻ

മാത്രം പഠിപ്പിക്കുന്നവ. ഇവയെല്ലാം ഒന്നെങ്കിൽ മൾട്ടി ഡിസിപ്ലിനറി ഇന്സ്റ്റിട്യൂഷൻസിലേക്ക് മാറുകയോ അതല്ലെങ്കിൽ അടച്ച് പൂട്ടുകയോ ചെയ്യണം. മൾട്ടി ഡിസിപ്ലിനറി എൻവിയോൺമെന്റലിൽ മാത്രമേ ടീച്ചർ എജ്യുക്കേഷൻ കോളേജുകൾ ഇനി അനുവദിക്കൂ എന്നതാണ് നാഷണൽ എജ്യുക്കേഷൻ പോളിസി -യുടെ രണ്ടാം നിർദ്ദേശം.

മൂന്നാമത്തെ വിഷയം എന്നത് ടീച്ചർ എഡ്യൂക്കേഷൻ മേഖലയിൽ അതിന്റെ വിഷയവുമായി ബന്ധപ്പെട്ട ഹോളിസ്റ്റിക് ടെവലപ്മെന്റിനു വേണ്ടി ഇന്ത്യൻ നോളജി സിസ്റ്റം അതിലേക്ക് ഇൻ കോർപ്പറേറ്റ് ചെയ്യണം എന്നതാണ്. നമ്മുടെ പ്രധാനപ്പെട്ട ഫൗണ്ടേഷൻ പ്രോഗ്രാമുകൾ എന്ന് പറയുന്നത് ഫിലോസഫി, സോഷ്യോളജി, സൈക്കോളജി എന്നിവയാണ് ഇതിനൊപ്പം ഇന്ത്യൻനോളജി സിസ്റ്റം കൂടി ഉൾപ്പെടുത്തുക വഴി  അധ്യാപന വിദ്യാഭ്യാസത്തെ കാവി വൽക്കരിക്കാൻ ഉള്ള ശ്രമമാണ് ഇതിൽ കാണുന്നത്. ഈ മൂന്ന് വിഷയങ്ങളാണ് നാഷണൽ എജ്യുക്കേഷൻ പോളിസി ടീച്ചർ എജ്യുക്കേഷനുമായി ബന്ധപ്പെട്ട് മുന്നോട്ടുവയ്ക്കുന്നത് . ഇതിന്റെ അടിസ്ഥാനത്തിൽ NCTE 2021-ൽ നാലു വർഷത്തെ  ഇന്റഗ്രേറ്റഡ് എജ്യുക്കേഷൻ പ്രോഗ്രാമിന്റെ റെഗുലേഷൻസ് തയ്യാറാക്കുകയുണ്ടായി. നമുക്കറിയാം കഴിഞ്ഞ പത്തു വർഷമായി പ്രതിസന്ധി നേരിടുന്ന മേഖലയാണ് ടീച്ചർ എഡ്യൂക്കേഷൻ മേഖല. 2014 ബഹു.സുപ്രിം കോടതി നിയമിച്ച കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ B.Ed പ്രോഗ്രാമുകൾ ഒന്നിൽ നിന്ന് രണ്ട് വർഷമാക്കുകയും ഇതിന്റെ ഭാഗമായി അധ്യാപകരുടെ എണ്ണം വർദ്ധിപ്പിച്ചു കൂടാതെ ഇൻഫ്രാസ്ട്രച്ചറും വർദ്ധിപ്പിച്ചു, അങ്ങനെ ഇത് നന്നായി നടന്നു വരുന്ന സാഹചര്യത്തിലാണ് ഇപ്പോൾ ഈ നാലു വർഷ പ്രോഗ്രാം നടപ്പിലാക്കുന്നത്.

നമ്മൾ ഇവിടെ FYUG പ്രോഗ്രാം നടപ്പിലാക്കുകയുണ്ടായി  എന്നാൽ ITEP -യുടെ റെഗുലേഷൻ വായിക്കുമ്പോൾ നമുക്ക് മനസിലാകുന്ന ഒരു കാര്യം ഇതിൽ അഡ്മിഷൻ നേടുന്നതിനുള്ള യോഗ്യത എന്ന് പറയുന്നത് പ്ലസ് ടു ആണ്. അതായത് നമ്മുടെ FYUP -ക്ക് സമാന്തരമായി  മറ്റൊരു നാലുവർഷ പ്രോഗ്രാം. ഇത് നിലവിലുള്ള  FYUP യുടെ ഘടനയുമായി യാതൊരു  ബന്ധമില്ലാത്തതുമാണ്. നമ്മുടെ സ്കൂൾ വിദ്യാഭ്യാസമെടുത്താൽ ഇതിനെ നാലു വ്യത്യസ്ത ITEP -കൾ  ആയി വിഭജിച്ചിരിക്കുകയാണ്. ഇങ്ങനെ വരുമ്പോൾ പൊതു വിദ്യാഭ്യാസത്തിനു കീഴിലുള്ള D.El.Ed അടക്കമുള്ള സ്ഥാപനങ്ങൾ അടച്ചു പൂട്ടണം. അതുകൊണ്ടുതന്നെ ഇത് B.Ed -നെ മാത്രമല്ല നമ്മുടെ എല്ലാ ടീച്ചർ എഡ്യൂക്കേഷൻ മേഖലയെയും ബാധിക്കും എന്നുള്ളതാണ്.

2021 ലെ റെഗുലേഷൻ അനുസരിച്ചു ITEP നടപ്പിലാക്കുന്നതിന് NCTE അപേക്ഷ ക്ഷണിച്ചു.ആദ്യം അപേക്ഷ ക്ഷണിച്ചത് കേന്ദ്ര യൂണിവേഴ്സിറ്റികളിൽ നിന്നും,IIT,IIM പോലുള്ള സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ്.കഴിഞ്ഞ വർഷം മുതലാണ് കേരളം ഉൾപ്പടെ ഉള്ള സ്റ്റേറ്റുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത്. ഇവിടെ നമ്മൾ മനസിലാക്കേണ്ടത് കേരളത്തിലെ 270 ഓളം വരുന്ന B.Ed കോളേജുകൾക്ക് ഇവിടെ അപേക്ഷിക്കാൻ കഴിയില്ല

കാരണം അവയൊന്നും മൾട്ടി ഡിസിപ്ലിനറി അല്ല.അങ്ങനെ വരുമ്പോൾ ഇവയെല്ലാം അടച്ചു പൂട്ടേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

ഒരു ബിഎഡ് കോളേജിനെ മൾട്ടി ഡിസിപ്ലിനറി എൻവിയോൺമെന്റിലേക്ക് മാറ്റണമെങ്കിൽ ഓരോ വിഷയത്തിനും പ്രത്യേക ഡിപ്പാർട്ട്മെന്റുകൾ ആക്കി ഈ ടീച്ചർ എജ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനിൽ ആരംഭിക്കേണ്ടതായി വരും. അതല്ലെങ്കിൽ കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഒരു ഡിപ്പാർട്ട്മെന്റ് പുതിയതായി ആരംഭിക്കേണ്ടിവരും.

